26
2026
മേയ്
ചൊവ്വ
ഇടവം 12

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 107 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-107 പേജ് 4. വില 2.00 രൂപ

02 സർക്കാർ ആശുപത്രികളിൽ രോഗികളെ നിലത്തു കിടത്താൻ പാടില്ല; ആരോഗ്യമന്ത്രി കെ. മുരളീധരൻ

03 പിണറായിയെ വിമാനത്തിൽ ആക്രമിച്ചെന്ന കേസ്: വ്യോമയാനവകുപ്പ് ഒഴിവാക്കി കുറ്റപത്രം

04 അനധികൃത നിർമാണങ്ങൾ പൊളിച്ചു മാറ്റുന്നതു തുടരും: മേയർ

# എൽസാ 3 മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഉടൻ നടപടി: മുഖ്യമന്ത്രി

**യേശുദാസ് വില്യം**



തിരു: അറബിക്കടലിൽ മുങ്ങി താഴ്ന്ന എൽസാ 3 കപ്പലും,അതിനുള്ളിലുള്ള കണ്ടെയ്നറുകളിലെ ബങ്കർ ഓയിൽ ,കെമിക്കലുകൾ,രാസവസ്തുക്കൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിനോ,അതുമൂലമുണ്ടാകുന്ന പരിസ്ഥിതി നാശത്തിനെ സംബന്ധിച്ച് യാതൊരു നടപടിയും കഴിഞ്ഞ സർക്കാർ ചെയ്യാത്തതിനെ സംബന്ധിച്ചു മുഖ്യമന്ത്രിയുടെ പത്ര സമ്മേളനത്തിൽ നോട്ടിക്കൽ ടൈംസ് കേരള ചോദ്യമുന്നയിച്ചപ്പോൾ തുറമുഖ വകുപ്പു കൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി വി.ഡി.സതീശൻ വ്യക്തമായ മറുപടി നൽകി.കപ്പലപകടം നടന്നതിനു ശേഷം എഫ് ഐ ആർ ഇട്ട് കോടതിയിൽ അഡ്മിറാലിറ്റി സ്യൂട്ട് ഫയൽ ചെയ്യുന്നതിനു മുൻ സർക്കാരിന് അസാധാരണമായ കാലതാമസം ഉണ്ടായ കാര്യം മുഖ്യമന്ത്രി പറഞ്ഞു. അന്നു ഞങ്ങൾ വലിയ സമ്മർദ്ദം സൃഷ്ടിച്ചിരുന്നു.എന്തുകൊണ്ടാണ് അങ്ങിനെ സംഭവിച്ചതെന്നറിയില്ല.ഇക്കാര്യത്തിൽ മൽസ്യത്തൊഴിലാളികൾക്കും,പ്രയാസം നേരിട്ടവർക്കും വേണ്ട നഷ്ടപരിഹാരം ലഭ്യമാക്കും.ഇക്കാര്യത്തിൽ നിയമപരമായി എന്തൊക്കെ ചെയ്യാമെന്നും പരിശോധിക്കും.വേണ്ടിവന്നാൽ മുൻ സർക്കർ നൽകിയ അഡ്മിറാലിറ്റി സ്യൂട്ട് അമൻഡ് ചെയ്യുന്നകാര്യവും ആലോചിക്കുമെന്നു മുഖ്യമന്ത്രി നോട്ടിക്കൽ ടൈംസിന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞു.

എൽസാ 3 കപ്പൽ കൊച്ചി തീരക്കടലിൽ മുങ്ങിത്താണിട്ട് മേയ് 25 ന് ഒരു കൊല്ലം തികയുന്നു. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ കപ്പലിൽ നിന്നുള്ള രാസമാലിന്യങ്ങളും,പ്ലാസ്റ്റിക് മോഡ്യൂൾസും വ്യാപകമായി അടിഞ്ഞു കയറുന്നു.കണ്ടെയ്നറിന്റെ ഭാഗങ്ങൾ തട്ടി ബോട്ടുകളുടെയും,കമ്പവലക്കാരുടെ വലകളും അറ്റുപോകുന്നു. പൂന്തുറ,കോവളം വിഴിഞ്ഞം,പള്ളം തുടങ്ങി തെക്കൻ തീരങ്ങളിൽ രാസമാലിന്യങ്ങളും മറ്റും അടിഞ്ഞു കയറുന്നതായി മൽസ്യത്തൊഴിലാളികൾ പറയുന്നു. തെക്കൻ തീരത്തെ മൽസ്യത്തൊഴിലാളികൾ നഷ്ടപരിഹാരത്തിനായി മുപ്പത്തെട്ടോളം അഡ്മിറാലിറ്റി സ്യൂട്ടുകൾ കപ്പൽ കമ്പനിക്കെതിരെ നൽകിയിട്ടുണ്ട്. കപ്പലിനുള്ളിലെ രാസമാലിന്യങ്ങൾ മൽസ്യസമ്പത്തിനു ഭീഷണിയാണന്നു കേന്ദ്ര ഏജൻസി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.മുൻ സർക്കാരിൻ കാലത്തു തുറമുഖ മന്ത്രിയോടിക്കാര്യം ചോദിച്ചാൽ കേന്ദ്ര സർക്കാരിന്റെ ചുമലിൽ വെച്ചൊഴിയുന്നതാണ് പതിവ്.ഇക്കാര്യത്തിൽ തുറമുഖ വകുപ്പു മുഖ്യമന്ത്രി തന്നെ കൈകാര്യം ചെയ്യുകയും ഉത്തരവാദിത്വബോധത്തോടെ ഇടപടുകയും ചെയ്യുമെന്ന ശുഭാപ്തി വിശ്വാസവും വലിയ മാറ്റത്തിന്റെ സൂചനയാണ്.

## ശുഹൈബ് വധക്കേസ്; മുഴുവൻ പ്രതികളുടെയും ജാമ്യം റദ്ദാക്കി

കണ്ണൂർ: യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ശുഹൈബ് വധക്കേസിൽ ആകാശ് തില്ലങ്കേരി അടക്കം മുഴുവൻ പ്രതികളുടെയും ജാമ്യം റദ്ദാക്കി. തലശേരി അഡീഷണൽ സെഷൻസ് കോടതിയാണ് ജാമ്യം റദ്ദാക്കിയത്.

സിപിഎം പ്രവർത്തകരായ 17 പേരാണ് കേസിലെ പ്രതികൾ. പ്രോസിക്യൂഷൻറെ ആവശ്യം പരിഗണിച്ചാണ് പ്രതികളുടെ ജാമ്യം റദ്ദാക്കിയത്. 2018 ഫെബ്രുവരി 12ന് രാത്രി ചായക്കടയിൽ സുഹൃത്തുക്കളോടൊപ്പം ഇരിക്കുമ്പോഴാണ് ശുഹൈബ് കൊല്ലപ്പെട്ടത്. സുഹൃത്തുക്കളായ കീഴൂർ റിയാസ് മൻസിലിൽ റിയാസ്, നൗഷാദ്, ഇസ്മയിൽ, മൊയ്തീൻ എന്നിവർക്കും പരിക്കേറ്റു. മൂന്നു തവണ ബോംബെറിഞ്ഞാണ് അക്രമം നടത്തിയത്. സിപിഎം- ഡിവൈഎഫ്ഐ പ്രവർത്തകരായ തില്ലങ്കേരി ലക്ഷ്മി നിലയത്തിൽ എം. വി. ആകാശ്(ആകാശ് തില്ലങ്കേരി-34), പഴയപുരയിൽ രജിൽ രാജ് (32), കൃഷ്ണ നിവാസിൽ ദീപ്ചന്ദ് (33), തയ്യുള്ളതിൽ ടി. കെ. അസ്കർ (34), മുട്ടിൽവീട്ടിൽ കെ. അഖിൽ (30), പുതിയപുരയിൽ പി. പി. അൻവർ സാദത്ത് (30), നിലാവിൽ സി. നിജിൽ (30), പി. കെ. അഭിനാഷ് (32), എ. ജിതിൻ (30), സാജ് നിവാസിൽ കെ. സഞ്ജയ് (31), രജത് നിവാസിൽ കെ. രജത്ത് (29), കെ. വി. സംഗീത് (29), കെ. ബൈജു (43), കെ. പി. പ്രശാന്ത് (52), എ. പി. സനീഷ് (35), മുട്ടിൽ എ. കെ. സുബിൻ (34), കേളോത്ത് വി. പ്രജിത്ത് (33) എന്നിവരാണ് പ്രതികൾ.

## അട്ടപ്പാടി മധു വധക്കേസ്: 12 പ്രതികൾക്ക് ജീവപര്യന്തം, അമ്മയ്ക്ക് 30 ലക്ഷം നഷ്ടപരിഹാരം

കൊച്ചി: അട്ടപ്പാടി മധു വധക്കേസിലെ 12 പ്രതികൾക്കും ജീവപര്യന്തം ശിക്ഷ വിധിച്ച് ഹൈക്കോടതി. അമ്മ മല്ലിക്ക് 30 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും ഹൈക്കോടതി ഉത്തരവിട്ടു. 16-ാം പ്രതിയായ മുനീർ ഒഴികെയുള്ള 2 മുതൽ 15 വരെയുള്ള പ്രതികൾക്കാണ് നേരത്തെ ഏഴ് വർഷമുണ്ടായിരുന്ന ശിക്ഷ ജീവപര്യന്തമായി ഉയർത്തിയത്.

രണ്ടാം പ്രതി മരയ്ക്കാർ, മൂന്നാം പ്രതി ഷംസുദ്ദീൻ, അഞ്ചാം പ്രതി രാധാകൃഷ്ണൻ, ആറാം പ്രതി അബൂബക്കർ, ഏഴാം പ്രതി സിദ്ദിഖ്, എട്ടാം പ്രതി ഉബൈദ്, ഒൻപതാം പ്രതി നജീബ്, 10-ാം പ്രതി ജൈജുമോൻ, 12-ാം പ്രതി സജീവ്, 13-ാം പ്രതി സതീഷ്, 14-ാം പ്രതി ഹരീഷ്, 15-ാം പ്രതി ബിജു എന്നിവർക്കാണ് ശിക്ഷ വിധിച്ചത്.

16-ാം പ്രതി മുനീറിൻറെ ശിക്ഷ ഒരു വർഷമായാണ് ഹൈക്കോടതി ഉയർത്തിയത്. നേരത്തെ മുനീറിന് മൂന്നു മാസം മാത്രമായിരുന്നു ശിക്ഷ ലഭിച്ചത്. ഒന്നാം പ്രതി മേച്ചേരി ഹുസൈനെ ഹൈക്കോടതി വെറുതെവിട്ടിരുന്നു. ഹുസൈനെതിരെ തെളിവുകളില്ലെന്ന് നേരത്തെ വിചാരണക്കോടതി കണ്ടെത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി ഹുസൈനെ കുറ്റവിമുക്തനാക്കിയത്.

16 പ്രതികളുണ്ടായിരുന്ന കേസിൽ രണ്ട് പ്രതികളെ നേരത്തെ വെറുതെ വിട്ട വിചാരണ കോടതിയുടെ നടപടിയും ഹൈക്കോടതി ശരിവച്ചിരുന്നു. നാലാം പ്രതിയെയും 11-ാം പ്രതിയെയും മണ്ണാർക്കാട് സെഷൻസ് കോടതി കുറ്റവിമുക്തരാക്കിയത്.

## മുതിർന്ന മാധ്യമപ്രവർത്തകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: പെൻഷൻ വർദ്ധനവ് അടക്കമുള്ള വിഷയങ്ങളിൽ മുതിർന്ന മാധ്യമപ്രവർത്തകർ നേരിടുന്ന വിഷയങ്ങൾ സർക്കാർ ഗൗരവമായി കണക്കിലെടുത്ത് പരിഹരിക്കുമെന്ന് മുഖ്യ മന്ത്രി വി. ഡി . സതീശൻ വ്യക്തമാക്കി. സീനിയർ ജേർണലിസ്റ്റ്സ് യൂണിയൻ കേരള നൽകിയ നിവേദനം വിശദമായി പരിശോധിച്ച അദ്ദേഹം വൈകാതെ തന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർക്കുമെന്ന് വ്യക്തമാക്കി. തിങ്കളാഴ്ച്ച ഉച്ചതിരിഞ്ഞാണ് മുഖ്യമന്ത്രി എസ്. ജെ. യു. കെ നിവേദക സംഘവുമായി സംസാരിച്ചത്. പെൻഷൻ വർദ്ധനക്ക് പുറമെ, കുടിശിക , പകുതി പെൻഷൻ , ആശ്രിത പെൻഷൻ തുടങ്ങിയ വിഷയങ്ങളും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. സംസ്ഥാന പ്രസിഡന്റ് എസ്. ആർ. ശക്തിധരൻ, വർക്കിങ്ങ് പ്രസിഡന്റ് കെ. ജനാർദ്ദനൻ നായർ, ജനറൽ സെക്രട്ടറി വി. ആർ രാജമോഹൻ ,ജില്ലാ പ്രസിഡന്റ് രാജേന്ദ്രപ്രസാദ്, സെക്രട്ടറി കെ. പി.രാജശേഖരൻ പിള്ള

എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

## വീഴ്ചകളിൽനിന്ന് എൻടിഎ പാഠം പഠിച്ചില്ല; നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ വിമർശനവുമായി സുപ്രീംകോടതി

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കെതിരേ രൂക്ഷ വിമർശനവുമായി സുപ്രീംകോടതി. വിഷയത്തിൽ എൻടിഎയ്ക്കും കേന്ദ്ര സർക്കാരിനും കോടതി നോട്ടീസയച്ചു. വീഴ്ചകളിൽനിന്ന് എൻടിഎ പാഠം പഠിച്ചില്ലെന്ന് കോടതി വിമർശിച്ചു.

എൻടിഎ പിരിച്ചുവിടണമെന്നാവശ്യപ്പെട്ട് ഡോക്ടർമാരും മെഡിക്കൽ വിദ്യാർഥികളും ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. ജസ്റ്റിസ് പി. എസ്. നരസിംഹയാണ് ഹർജി പരിഗണിച്ചത്.

രണ്ടുവർഷം മുമ്പ് ചോദ്യപേപ്പർ ചോർന്നപ്പോൾ കോടതി രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ നിർദേശങ്ങളിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ സത്യവാംങ്മൂലം നൽകണമെന്ന് കോടതി ആവശ്യപ്പെട്ടു. മേൽനോട്ട സമിതിയുടെ തൽസ്ഥിതിയെക്കുറിച്ച് മൂന്നുദിവസത്തിനകം അറിയിക്കാൻ എൻടിഎയോടും ആവശ്യപ്പെട്ടു.

ഈ വർഷം മാത്രം ഏകദേശം 23 ലക്ഷത്തോളം വിദ്യാർഥികളാണ് നീറ്റ്-യുജി പരീക്ഷ എഴുതിയതെന്നും അതിനാൽ വിഷയത്തിൽ അടിയന്തര ഇടപെടൽ വേണമെന്നും ഹർജിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷക തൻവി ദുബെ കോടതിയിൽ ആവശ്യപ്പെട്ടു. ഹർജികൾ വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

## ഗുരുവായൂരിൽ ടിക്കറ്റെടുത്താണ് ദർശനം നടത്തിയത്; വിഐപി ദർശനമെന്ന ആരോപണം തെറ്റ്: മുഖ്യമന്ത്രി

തിരുവനന്തപുരം: ഗുരുവായൂർ ക്ഷേത്രത്തിൽ താൻ വിഐപി ദർശനം നടത്തിയെന്ന രീതിയിൽ പ്രചരിക്കുന്ന ആരോപണങ്ങൾ തികച്ചും തെറ്റാണെന്നാണ് മുഖ്യമന്ത്രി വി. ഡി. സതീശൻ. തനിക്കൊപ്പം ആകെ നാല് പേർ മാത്രമാണ് ദർശനത്തിന് കൂടെയുണ്ടായിരുന്നതെന്നും എല്ലാവരും 1000 രൂപയുടെ ടിക്കറ്റെടുത്താണ് ദർശനം നടത്തിയതെന്നും അദ്ദേഹം വ്യക്തമാക്കി.

തിരുവനന്തപുരത്ത് നടത്തിയ വാർത്താസമ്മേളനത്തിലാണ് മുഖ്യമന്ത്രി ദർശനത്തെ കുറിച്ച് വിശദീകരിച്ചത്. ഇതിന്റെ പേരിൽ വിവാദങ്ങൾ ഉണ്ടാകുമെന്ന് തനിക്ക് മുൻകൂട്ടി അറിയാമായിരുന്നുവെന്ന് പറഞ്ഞ മുഖ്യമന്ത്രി, വിവാദമുണ്ടാക്കുന്നവർ താൻ ഇനി മേലിൽ ക്ഷേത്രത്തിൽ പോകരുതെന്ന് പറയരുതെന്നും പരിഹസിച്ചു.

അതേസമയം മുഖ്യമന്ത്രി വി. ഡി. സതീശൻറെ ഗുരുവായൂർ ക്ഷേത്രദർശനത്തിലെ വിവാദത്തിൽ പ്രതികരണവുമായി ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അരുണും രംഗത്തെത്തി. മുഖ്യമന്ത്രി ദർശനം നടത്തിയത് നിയമാനുസൃതമാണെന്നും മറിച്ചുള്ള ആരോപണത്തിൽ കഴമ്പില്ലെന്നും അദ്ദേഹം പറഞ്ഞു.

അഞ്ച് നെയ് വിളക്ക് ശീട്ട് ആക്കിയാണ് മുഖ്യമന്ത്രി ക്ഷേത്രത്തിനകത്ത് കടന്നത്. അഞ്ചുപേർക്ക് ദർശനം നടത്താം എന്നിരിക്കെ അകത്തു കടന്നത് നാലുപേർ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. ഭക്തരെ തടയുന്ന നടപടി ഉണ്ടായില്ല. ഒരാളുടെയും ദർശനം മുടക്കിയില്ല. പായസം കൊണ്ടുപോകുന്ന സമയത്ത് 15 മിനിറ്റോളം ഭക്തർക്കൊപ്പം കാത്തുനിന്ന ശേഷമാണ് മുഖ്യമന്ത്രി ദർശനം പൂർത്തിയാക്കിയതെന്നും അരുൺ വ്യക്തമാക്കി. മറിച്ചുള്ള പ്രചരണങ്ങൾ അവാസ്തവമാണെന്നും മന്ത്രി എം. ലിജു, ബിന്ദു കൃഷ്ണ എന്നിവർ ദർശനം നടത്തിയത് പുലർച്ചെയാണെന്നും നിയമപ്രകാരമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## പാഠപുസ്തക അച്ചടി പൂർത്തിയായി; ഈ മാസം 30ന് മുൻപായി സ്കൂളുകളിലെത്തും: വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം: അടുത്ത അധ്യായന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായെന്ന് വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ. ജില്ലാ ഹബ്ബുകളിലേക്കുള്ള നീക്കം പുരോഗമിക്കുകയാണെന്നും ഈ മാസം 30ന് മുൻപായി സ്കൂളുകളിൽ പുസ്തകം എത്തുമെന്നും മന്ത്രി വ്യക്തമാക്കി. പ്ലസ് വൺ പ്രവേശനം സംബന്ധിച്ച് ആശങ്കയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സീറ്റുകളുടെ കുറവുണ്ട് എന്നത് യാഥാർഥ്യമാണെന്ന് ഷംസുദ്ദീൻ പറഞ്ഞു. മാർജിനൽ സീറ്റ് വർധനവ് അടക്കം നടത്തിയിട്ട് അലോട്ട്മെൻറ് ആരംഭിക്കുമെന്നും വിഷയം ചർച്ച ചെയ്യാൻ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് വിളിച്ചിട്ടുണ്ട്. ഇന്നുതന്നെ പ്രവേശന നടപടികൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. പിഎം ശ്രീ പദ്ധതിയോട് രാഷ്ട്രീയപരമായി എതിർപ്പുണ്ടെന്നും വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ഇന്നത്തെ യോഗത്തിൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. 'പദ്ധതി എംഒയുവിൽ ഒപ്പിട്ടത് എൽഡിഎഫ് സർക്കാരാണ്. പദ്ധതി മരവിപ്പിച്ചതുകൊണ്ട് മാത്രം ഒപ്പിട്ടത് നിൽക്കുമോ എന്ന് പരിശോധിക്കണം. ഫണ്ട് സ്വീകരിച്ച് തുടങ്ങിയതും സങ്കീർണതയാണ്. ഇതിനായി വിശദമായ നിയമോപദേശം തേടും.ഫെഡറൽ സംവിധാനമുള്ള രാജ്യമാണ് നമ്മുടേത്. ഫണ്ട് നൽകാൻ ഞങ്ങൾ പറയുന്നത് അനുസരിക്കണം എന്ന് പറയുന്നത് ഫെഡറൽ സംവിധാനത്തിന് എതിരാണ്. പിഎം ശ്രീ സ്കീമിനോടും യുഡിഎഫിന് വിയോജിപ്പുണ്ട്. തീരുമാനമെടുക്കേണ്ടത് യുഡിഎഫിൽ ചർച്ച ചെയ്ത ശേഷമാണ്. മുഖ്യമന്ത്രിയാകും അത് സംബന്ധിച്ച തീരുമാനം അറിയിക്കുക'- എൻ ഷംസുദ്ദീൻ പറഞ്ഞു.



# സമാധാനപ്രതീക്ഷയിൽ തിരിച്ചുകയറി സ്വർണവില; പവന് കൂടിയത് 240 രൂപ

കൊച്ചി: സംസ്ഥാനത്ത് കുതിപ്പിനും കിതപ്പിനുമൊടുവിൽ വീണ്ടും തിരിച്ചുകയറി സ്വർണവില. ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 14,610 രൂപയിലും പവന് 1,16,880 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 25 രൂപ ഉയർന്ന് 12,005 രൂപയിലെത്തി.

മൂന്നുദിവസത്തെ കുതിപ്പിനു ശേഷം കഴിഞ്ഞ വെള്ളിയാഴ്ചയും ശനിയാഴ്ചയും സ്വർണവില താഴേക്കു പോയിരുന്നു. വെള്ളിയാഴ്ച പവന് 320 രൂപയും ശനിയാഴ്ച 320 രൂപയുമാണ് കുറഞ്ഞത്. ഇന്ത്യയിൽ സ്വർണ ഇറക്കുമതിച്ചുങ്കം കൂട്ടിയതോടെ മേയ് 13 ന് ഒറ്റയടിക്ക് സ്വർണ വില 10, 200 രൂപയോളം വർധിച്ച് ഈ മാസത്തിലെ ഏറ്റവും കൂടിയ നിരക്കായ 1,23,120 രൂപയിലെത്തിയിരുന്നു. പിന്നീട് ദിവസങ്ങളായി വില ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്. പത്തു ദിവസത്തിനിടെ കേരളത്തിൽ പവന് 6480 രൂപയാണ് കുറഞ്ഞത്.

ഏപ്രിൽ, മേയ് മാസത്തിൽ വൻ കയറ്റിറക്കങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിനു മുകളിലെത്തിയിരുന്നു.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്. ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരു ലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്.

# സിപിഎമ്മിൻറെ തോൽവിയുടെ ഉത്തരവാദി പാർട്ടി നേതൃത്വം: വി. കുഞ്ഞികൃഷ്ണൻ

കണ്ണൂർ: തെരഞ്ഞെടുപ്പിൽ സിപിഎമ്മിനുണ്ടായ പരാജയത്തിൻറെയും പ്രതിസന്ധിയുടെയും പൂർണ ഉത്തരവാദിത്വം പാർട്ടി നേതൃത്വത്തിനെന്ന് പയ്യന്നൂരിൽ നിന്ന് യുഡിഎഫ് പിന്തുണയോടെ സ്വതന്ത്രനായി മത്സരിച്ചു ജയിച്ച മുൻ സിപിഎം പ്രവർത്തകൻ വി. കുഞ്ഞികൃഷ്ണൻ എംഎൽഎ. സ്വകാര്യ ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

രക്തസാക്ഷി ഫണ്ട് മോഷ്ടിച്ചാൽ പിന്നെ ആരാണ് ഈ പാർട്ടിക്ക് വോട്ട് ചെയ്യുകയെന്നും അദ്ദേഹം ചോദിച്ചു. സംഘടനാതലത്തിൽ നേരത്തെ തന്നെ ഈ അഭിപ്രായം പറയുന്ന വലിയ വിഭാഗം ആളുകൾ ഉണ്ടായിരുന്നു. പക്ഷേ അഭിപ്രായങ്ങളൊന്നും മാനിക്കാൻ പാർട്ടി നേതൃത്വം തയാറായില്ല.

ആരോപണവുമായി ബന്ധപ്പെട്ട് താൻ ഉയർത്തിയ വിഷയങ്ങൾ അണികൾ ഏറ്റെടുത്തു. അതുകൊണ്ടാണ് ഇങ്ങനെയൊരു സ്ഥിതി ഉണ്ടായത്. പരാജയത്തിൻറെ ഉത്തരവാദിത്വം പൂർണമായും പാർട്ടി നേതൃത്വത്തിന് മാത്രമാണ്. ഇതുവരെ ഒരു ആൾക്കൂട്ട രൂപത്തിലായിരുന്നു തൻറെ കൂടെയുള്ളവരുടെ പ്രവർത്തനം.

സംഘടിത രൂപം വേണമെന്നുള്ള അഭിപ്രായം പല ആളുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഒരു കൺവൻഷൻ വിളിച്ചുചേർത്ത് ഒരു സംഘടന രൂപീകരിക്കുന്നതിനെ കുറിച്ച് ആലോചിക്കും. രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നതിനെ കുറിച്ച് ചിന്തിച്ചിട്ടില്ല. തെരഞ്ഞെടുപ്പിൽ തനിക്ക് രഹസ്യമായി പിന്തുണ നൽകിയവർ സംഘടനയിലേക്ക് വരുമെന്ന് കരുതുന്നില്ല. സംസ്ഥാനമാകെയുള്ള ഇടതുപക്ഷ കൂട്ടായ്മ ആരെങ്കിലും ഉണ്ടാക്കിയാൽ അതിലേക്ക് ചേരേണ്ടതുണ്ടോ എന്നുള്ള കാര്യങ്ങളെല്ലാം അതിനു ശേഷം തീരുമാനിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

# രത്തൻ ഖേൽക്കറുടെ നിയമനം ദുരൂഹം; എഐസിസിയും മുഖ്യമന്ത്രിയും മറുപടി പറയണമെന്ന് എ. എ. റഹീം

തിരുവനന്തപുരം: മുഖ്യമന്ത്രി വി. ഡി. സതീശൻറെ സെക്രട്ടറിയായി മുഖ്യ തെരഞ്ഞടുപ്പ് ഓഫീസർ രത്തൻ ഖേൽക്കറെ നിയമിച്ചതിൽ ദുരൂഹതയുണ്ടെന്ന് സിപിഎം നേതാവ് എ. എ. റഹീം എംപി. ഖേൽക്കർ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സങ്കീർണമാക്കിയെന്നും ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഖേൽക്കർ നടത്തിയ ഇടപെടിൽ സംശയമുണ്ടെന്നുമാണ് റഹീം പ്രതികരിച്ചത്.

നിയമനത്തിൽ എഐസിസിയും മുഖ്യമന്ത്രിയും മറുപടി പറയണമെന്നും റഹീം ആവശ്യപ്പെട്ടു.

എഐസിസിയും കെ. സി. വേണുഗോപാലും ഖേൽക്കർക്കെതിരെ നിലപാടെടുത്തവരാണ്. ബിജെപിയുടെ സീൽ കീശയിൽ കൊണ്ടുനടന്നയാൾക്ക് സതീശൻ സ്വന്തം കീശ ഏൽപ്പിച്ചു. എന്ത് ബന്ധമാണ് ഇരുവരും തമ്മിലുള്ളതെന്നും റഹീം ചോദിച്ചു.

രാഹുൽ ഗാന്ധി യുദ്ധം നടത്തുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനെതിരെയാണ്. പക്ഷെ ഇവിടെ രാഹുലിന്റെ ശത്രു സതീശൻറെ മിത്രമായെന്നും റഹീം ചൂണ്ടിക്കാട്ടി. കെ. സി. വേണുഗോപാലിന് ഇതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നും അദേഹം പറഞ്ഞു. എഐസിസി വിഷയത്തിൽ വിശദീകരണം നൽകണമെന്നും റഹീം ആവശ്യപ്പെട്ടു.

'ഞായറാഴ്ച തന്നെ എന്തിന് ധൃതി പിടിച്ച് ചുമതലയേറ്റു. ഇതിലൊന്നും ദുരൂഹതയില്ലെന്ന് പറഞ്ഞാൽ വിശ്വസിക്കാനാവില്ല. ബിജെപിയുമായി ബന്ധമുണ്ടെന്ന് കോൺഗ്രസ് തന്നെ ഖേൽക്കർക്കെതിരെ ആരോപണം ഉന്നയിച്ചിരുന്നു. മുസ്ലീം ലീഗും ഖേൽക്കറുടെ നിയമത്തിന് പിന്നിലെ നിലപാട് വ്യക്തമാക്കണം.

ബംഗാളിലെ നിയമനത്തെ എതിർത്തവർ നിലപാട് വ്യക്തമാക്കണം. എസ്ഐആറുമായി ബന്ധപ്പെട്ട് ചില സംശയങ്ങളുണ്ട്. ഞങ്ങൾ അതിൻറെ പിന്നാലെയുണ്ട്. ബംഗാളിലും ഇവിടെയും നടക്കുന്നത് ഒരേ കാര്യം. സതീശനും ഖേൽക്കറും തമ്മിലുള്ള അവിശുദ്ധമായ ബന്ധം തെളിഞ്ഞു. നീതിമാനെങ്കിൽ മുഖ്യമന്ത്രി യുക്തിസഹമായ വിശദീകരണം നൽകണം. കോൺഗ്രസിൻറെ പ്രഖ്യാപിത നിലപാടിനെ സതീശൻ മറികടന്നു. മുഖ്യമന്ത്രിക്ക് ഒരുപാട് മറുപടി പറയേണ്ടി വരും' എന്നാണ് റഹീം പറഞ്ഞത്.

# മലയിടംതുരുത്തിലെ ഒഴിപ്പിക്കൽ; വിധി നടപ്പാക്കിയേ പറ്റൂവെന്ന് സർക്കാരിനോട് ഹൈക്കോടതി

കൊച്ചി: മലയിടംതുരുത്തിലെ കുടിയൊഴിപ്പിക്കലിൽ വിധി നടപ്പാക്കുകയല്ലാതെ സർക്കാരിന് മറ്റ് മാർഗങ്ങൾ ഇല്ലെന്ന് ഹൈക്കോടതി. കോടതി വിധിയെ സർക്കാർ അനുസരിക്കണം. സാങ്കേതികത പറയരുതെന്ന് കോടതി വ്യക്തമാക്കി. വിധി സംരക്ഷിക്കാൻ സർക്കാരിന് ബാധ്യതയുണ്ടെന്നും കോടതി നിരീക്ഷിച്ചു.

എന്നാൽ പ്രശ്നം പരിഹരിക്കാൻ രണ്ടാഴ്ച സാവകാശം വേണമെന്ന സർക്കാരിൻറെ ആവശ്യം കോടതി അംഗീകരിച്ചു. മലയിടംതുരുത്തിലെ ഏഴ് ദളിത് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഹർജിയാണ് ജസ്റ്റിസ് ടി. ആർ. രവിയുടെ ബെഞ്ച് പരിഗണിച്ചത്.

ഭൂമിയുടെ അവകാശം തങ്ങൾക്ക് അനുവദിച്ചുകൊണ്ടുള്ള പെരുമ്പാവൂർ മുൻസിഫ് കോടതി ഉത്തരവ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മലയിടംതുരുത്ത് കണ്ണാട്ട് വീട്ടിൽ സുഭദ്രയും അംബികയും നൽകിയ ഹർജിയാണ് ഹൈക്കോടതി മുമ്പാകെയുള്ളത്. കഴിഞ്ഞ മാർച്ച് 19ന് ഹർജി പരിഗണിച്ച ഹൈക്കോടതി, ഈ ഉത്തരവ് നടപ്പാക്കാൻ നിർദേശിച്ചിരുന്നു. ഇതിനെ തുടർന്നായിരുന്നു കുടിയൊഴിപ്പിക്കലിന് പെരുമ്പാവൂർ മുൻസിഫ് കോടതി ഉത്തരവിട്ടത്.

എന്നാൽ മലയിടംതുരുത്തിലെ വീടുകൾ ഒഴിപ്പിക്കാൻ അഡ്വക്കറ്റ് കമ്മീഷൻ പോലീസുമായി എത്തിയെങ്കിലും ഇത് സംഘർഷത്തിലാണ് കലാശിച്ചത്. ഒടുവിൽ പ്രശ്നത്തിൽ ഇടപെട്ട സർക്കാർ കോടതിയെ സമീപിക്കാൻ തീരുമാനിക്കുകയായിരുന്നു.

# എം.ബി.എ പ്രവേശനം: അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കി

2026 മേയ് 31 ന് നടത്തപ്പെടുന്ന എം.ബി.എ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (KMAT സെഷൻ II 2026) ന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാം.ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവെച്ചിട്ടുണ്ട്.

അത്തരത്തിലുള്ള അപേക്ഷകർ www.cee.kerala.gov.in ലൂടെ മേയ് 28 ഉച്ചയ്ക്ക് 2ന് മുമ്പ് അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അഡ്മിറ്റ് കാർഡുകൾ ലഭ്യമാകും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 0471 2332120, 2338487.

# ബി.ടെക് ലാറ്ററൽ എൻട്രി അപേക്ഷാ തീയതി നീട്ടി

സംസ്ഥാനത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2026–27 അദ്ധ്യായന വർഷത്തെ ബി.ടെക് ലാറ്ററൽ (റെഗുലർ ആൻഡ് വർക്കിംഗ് പ്രൊഫഷണൽസ്) കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പണം 2026 ജൂൺ 1 വരെ ദീർഘിപ്പിച്ചു. അപേക്ഷകർ 3 വർഷം/ 2 വർഷം (ലാറ്ററൽ എൻട്രി) ദൈർഘ്യമുള്ള എൻജിനിയറിങ് ടെക്നോളജി ഡിപ്ലോമ അല്ലെങ്കിൽ സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ബോർഡ്/ഇന്ത്യാ ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ/ AICTE അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേടിയ 3 വർഷ ഡി.വോക്ക്,

ബി.വോക്, അല്ലെങ്കിൽ 10 +2 തലത്തിൽ മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ച്, യു.ജി.സി. അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എസ്.സി ബിരുദം നേടിയവരായിരിക്കണം. വർക്കിംഗ് പ്രൊഫെഷനലുകൾക്കു ബി.ടെക് കോഴ്സിലെ പ്രവേശനത്തിന് ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷയിൽ യോഗ്യതനേടേണ്ടത് നിർബന്ധമാണ്. പ്രവേശനപരീക്ഷ ജൂൺ 13 നു വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾക്ക്: www.lbscentre.kerala.gov.in,0471-2324396, 2560327.

# ആശ്വാസകിരണം ഗുണഭോക്താക്കൾ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയുടെ ധനസഹായം നിലവിൽ ലഭിച്ചു വരുന്ന ഗുണഭോക്താക്കൾ തുടർ ധനസഹായം ലഭിക്കുന്നതിനായി സാമൂഹ്യസുരക്ഷാമിഷന്റെ വെബ്സൈറ്റിൽ (www.socialsecuritymission.gov.in) നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള (ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയ) ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ടോ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം 12 വിലാസത്തിലോ ജൂൺ 10നകം ലഭ്യമാക്കണം.ആശ്വാസകിരണം ധനസഹായത്തിനായി 2018 ഏപ്രിൽ 1 മുതൽ അപേക്ഷ സമർപ്പിച്ചവരിൽ ഇതുവരെയും ധനസഹായം ലഭിച്ചിട്ടില്ലാത്തവർ www.socialsecuritymission.gov.in ൽ നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള പുതുക്കിയ വ്യക്തി വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകകൾ സഹിതം ജൂൺ 10 നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471–2341200, 1800–120–1001.

# പ്രോസിക്യൂഷൻ കള്ളസാക്ഷികളെ ഹാജരാക്കി, ഹുസൈനെ കുറ്റവിമുക്തനാക്കിയത് ഡിജിറ്റൽ തെളിവുകൾ പരിശോധിച്ച്: അഭിഭാഷകൻ

കൊച്ചി: ഡിജിറ്റൽ തെളിവുകൾ പരിശോധിച്ച ശേഷമാണ് ഒന്നാം പ്രതി ഹുസൈനെ കുറ്റവിമക്തനാക്കിയതെന്ന് ഹുസൈൻറെ അഭിഭാഷകൻ. പ്രോസിക്യൂഷൻ ഹാജരാക്കിയ സാക്ഷികൾ വ്യാജമാണെന്ന് കോടതി കണ്ടെത്തിയെന്നും ഡിജിറ്റൽ തെളിവുകൾ വിശദമായി പരിശോധിച്ച ശേഷമാണ് ഹുസൈനെ കുറ്റവിമുക്തനാക്കിയതെന്നും അഭിഭാഷകൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

ഒന്നാം പ്രതിക്കെതിരെ പ്രോസിക്യൂഷൻ ഡിജിറ്റൽ തെളിവുകളും എട്ട്, 19 സാക്ഷികളുമാണ് ഹാജരാക്കിയത്. എട്ടാം സാക്ഷി മധുവിൻറെ അടുത്ത ബന്ധുവാണ്. 19–ാം സാക്ഷി ഓട്ടോ ഡ്രൈവർ മണികണ്ഠനാണ്. ഈ സാക്ഷികൾ അവിടെ ഉണ്ടായിരുന്നില്ല എന്ന് കാണിക്കാനായി പ്രോസിക്യൂഷൻ ഹാജരാക്കിയ ഡിജിറ്റൽ തെളിവുകൾ തന്നെയാണ് ഡിഫൻസും ഉപയോഗിച്ചത്.

അത് ഹൈക്കോടതി വിശദമായി പരിശോധിച്ചു. അത് കള്ളസാക്ഷികളാണെന്ന് മനസിലായി. ഒന്നാം പ്രതിക്കെതിരെ മതിയായ തെളിവുകളില്ല എന്ന് മനസിലായിട്ടാണ് വെറുതെ വിട്ടത്. അവിടെ ഉണ്ടായിരുന്ന അനേകം ജനങ്ങളിൽ ഒരാളായിരുന്നു ഹുസൈൻ. ഒന്നാം പ്രതിയുടെ ചവിട്ടിനെ തുടർന്നാണ് മധു മരണപ്പെട്ടത് എന്നാണ് ആരോപണം.

പ്രോസിക്യൂഷന് ലഭിച്ച അതേ തെളിവുകൾ ഡിഫൻസിന് കിട്ടിയിരുന്നില്ലെങ്കിൽ ഒന്നാം പ്രതിക്ക് ശിക്ഷ നൽകുമായിരുന്നു. പ്രോസിക്യൂഷൻ കൊണ്ടുവന്ന സാക്ഷികൾ വ്യാജമായിരുന്നു. ഈ സംഭവം നടന്ന സമയത്ത് ഇവർ രണ്ടു കടകളിൽ നിൽക്കുകയായിരുന്നു എന്ന് അഭിഭാഷകൻ പറഞ്ഞു.അതേസമയം, നാലും പതിനൊന്നും പ്രതികളെ കീഴ്ക്കോടതി കുറ്റക്കാരല്ലെന്ന് കണ്ടെത്തി വെറുതെ വിട്ടിരുന്നു. ആ നടപടി ഹൈക്കോടതി ശരിവച്ചു. 16–ാം പ്രതിയുടെ ശിക്ഷ വർധിപ്പിക്കും. മൂന്നു മാസമായിരുന്നു 16–ാം പ്രതിയെ ശിക്ഷിച്ചിരുന്നത്. ആ ശിക്ഷയ്ക്കെതിരേ സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നു. മറ്റ് പ്രതികൾ നൽകിയ അപ്പീൽ കോടതി തള്ളി.

# പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ് 30ന്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ മെയ് 30 രാവിലെ 11ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷന്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തും. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ടി. കെ. ഗണേശൻ സമർപ്പിച്ച ഹർജി, വിശ്വകർമ്മ വിഭാഗത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് അജിത്കുമാർ കെ. ജി. സമർപ്പിച്ച നിവേദനം, കണിയാൻ–കണിശ വിഭാഗത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, കേരളത്തിലെ ആംഗ്ലോ–ഇന്ത്യൻ വിഭാഗക്കാരുടെ സാമൂഹിക–സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് പഠിക്കുന്നത് സംബന്ധിച്ച വിഷയം എന്നിവ പരിഗണിക്കുന്നതായിരിക്കും. സിറ്റിംഗിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ ഡോ. ബെന്നറ്റ് സൈലം. പി., സഫിയ വി. റ്റി., കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

# ത്രിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള കരുനാഗപ്പള്ളി (04762623597, 8547005083), മറ്റക്കര (04812542022, 8547005081), പൈനാവ് (04862232246, 8547005084), കല്ലേറ്റുംകര (04802720746, 8547005080), കുഴൽമന്നം (04922272900, 8547005086), വടകര (04962524920, 8547005079), കല്ല്യാശ്ശേരി (04972780287, 8547005082) എന്നീ മോഡൽ പോളിടെക്നിക് കോളേജുകളിലേയ്ക്കും പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജുകളിലെ (04822271737, 9447460142) ത്രിവത്സര ഡിപ്ലോമ കോഴ്സിലേക്കും അപേക്ഷകൾ ക്ഷണിച്ചു. ഡിപ്ലോമ പഠനത്തിന് താല്പര്യമുള്ള എസ്.എസ്.എൽ.സി/ പ്ലസ്ടു പാസായ വിദ്യാർത്ഥികൾക്ക് മോഡൽ പോളിടെക്നിക് കോളേജുകളിൽ നേരിട്ട് എത്തിയോ ഫോൺ വഴി ബന്ധപ്പെട്ടോ, 8547005000 ഫോൺ നമ്പറിലോ കോഴ്സ് സംബന്ധമായ സംശയങ്ങൾ അന്വേഷിക്കാം. 2026–27 അദ്ധ്യയന വർഷത്തിലെ, വിവിധ ഡിപ്ലോമാ ബ്രാഞ്ചുകളിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അതത് കോളേജുകളുമായി ബന്ധപ്പെടണം.

# സർക്കാർ ആശുപത്രികളിൽ രോഗികളെ നിലത്തു കിടത്താൻ പാടില്ല; ആരോഗ്യമന്ത്രി കെ. മുരളീധരൻ

തിരുവനന്തപുരം: സർക്കാർ ആശുപത്രികളിൽ രോഗികളെ നിലത്തു കിടത്താൻ പാടില്ലെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. അതിനുള്ള സൗകര്യങ്ങൾ ഒരുക്കുമെന്നും മുരളീധരൻ വ്യക്തമാക്കി. സർജറിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. ആശുപത്രികളിൽ ശുചിത്വം ഉറപ്പാക്കണം. ഇതുവരെ എങ്ങനെയായിരുന്നു എന്നതല്ല, ഇനി അങ്ങോട്ട് എന്താണ് എന്നാണ് ചർച്ച വേണ്ടതെന്നും മന്ത്രി പറഞ്ഞു.മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മരുന്നു കിട്ടാതെ രോഗികൾ ബുദ്ധിമുട്ടരുത്. സർജറി പ്രോട്ടോകോൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ചില മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചു നടപടി സ്വീകരിക്കും. വാർത്തകൾ സത്യസന്ധമായി റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി പറഞ്ഞു. ഡോക്ടർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കും. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ചികിത്സ പിഴവിൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. മറ്റെവിടെയെങ്കിലും ചികിത്സയ്ക്ക് പോയോ എന്ന സംശയത്തിന്റെ ആനുകൂല്യം നൽകിയുള്ള റിപ്പോർട്ട് ആണ് തന്നത്. പക്ഷേ അത് മുഖവിലയ്ക്ക് എടുക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. യുഡിഎഫ് സർക്കാരിൻറെ കാലത്ത് അനുവദിച്ച മെഡിക്കൽ കോളജുകൾ രണ്ടെണ്ണം നിർത്തലാക്കിയെന്നും അത് പുനരാരംഭിക്കാൻ തീരുമാനമായെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# നയപ്രഖ്യാപനം മന്ത്രിസഭ അംഗീകരിച്ചു : മുഖ്യമന്ത്രി

## അപു ജോൺ ജോസഫ് നിയമസഭാ ചീഫ് വിപ്പ്

ഗവർണറുടെ നയപ്രഖ്യാപനത്തിന് പ്രത്യേക മന്ത്രിസഭ അംഗീകാരം നൽകിയതായി മന്ത്രിസഭാ യോഗത്തിന് ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു.നിയമസഭയിലെ ചീഫ് വിപ്പായി അപു ജോൺ ജോസഫിനെ നിയമിക്കും. ഹൈക്കോടതി അഡീഷണൽ അഡ്വക്കേറ്റ് ജനറലായി അഡ്വ. കെ.സി. വിൻസെന്റിനെ നിയമിക്കുമെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി നിയമിതനായ ടി. അസഫ് അലിക്ക് ലോകായുക്ത സ്പെഷ്യൽ അറ്റോർണി, കേരള സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നീ അധിക ചുമതലകൾ കൂടി നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിഷയങ്ങൾ പുതിയതായി രൂപീകരിക്കുന്ന വയോജന വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

മഴക്കാല മുന്നൊരുക്കം വിലയിരുത്തുന്നതിനായി 27ന് (ബുധനാഴ്ച) രാവിലെ 10ന് ഓൺലൈനായി ബന്ധപ്പെട്ട മന്ത്രിമാർ, ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ എന്നിവർ പ്രത്യേക യോഗം ചേരും. മഴക്കാല മുന്നൊരുക്കങ്ങൾക്കുള്ള തുക ഇതിനകം തന്നെ എല്ലാ ജില്ലകൾക്കും കൈമാറിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

# ക്ഷീരദിനാഘോഷം : സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

ലോക ക്ഷീരദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡി.പി.ഐ. ജംഗ്ഷനിലെ ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ രാവിലെ 11.30 ന് നടക്കുന്ന പരിപാടിയിൽ ക്ഷീരവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ അദ്ധ്യക്ഷയാകും. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ മുഖ്യപ്രഭാഷണം നടത്തും.ശശി തരൂർ എം.പി, മേയർ വി.വി. രാജേഷ്, ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) സിനില ഉണ്ണികൃഷ്ണൻ, മിൽമ ചെയർമാൻ കെ.എസ്. മണി, കെ.സി.എം.എം.എഫ് മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫ് ഉൾപ്പടെ ക്ഷീരമേഖലയിലെ പ്രമുഖരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നിഹിതരാകും.'സെലിബ്രേറ്റിംഗ് വിമൻ ഫാർമേഴ്സ്' എന്നതാണ് ഈ വർഷത്തെ ലോക ക്ഷീരദിന പ്രമേയം. കുടുംബത്തിന്റെ വരുമാന വർദ്ധനവിലും ഗ്രാമീണ വനിതാ ശാക്തീകരണത്തിലും ക്ഷീരമേഖലയിലെ വനിതകൾ നൽകുന്ന അതുല്യമായ സംഭാവനകളെയും അവരുടെ അർപ്പണബോധത്തെയും ആദരിക്കുന്നതിനാണ് ഇത്തവണ മുൻഗണന നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കെ.എൽ.ഡി.ബി, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ രാവിലെ 9 മുതൽ ശിൽപശാലയും വിപുലമായ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ശിൽപശാലയുടെ ഭാഗമായി 'പോഷകഗുണമുള്ള തീറ്റയിലൂടെ പശുക്കളുടെ ആരോഗ്യ സംരക്ഷണവും ഗുണമേന്മയുള്ള പാലും' എന്ന വിഷയത്തിൽ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പൽ വർക്കി ജോർജ്ജും, 'ശാസ്ത്രീയ പ്രജനന രീതികൾ' എന്ന വിഷയത്തിൽ കെ.എൽ.ഡി.ബി മാനേജർ ഡോ. അവിനാശ് കുമാറും ക്ലാസുകൾ നയിക്കും.

## രത്തൻ ഖേൽക്കറുടെ നിയമനം സ്വാഭാവിക നടപടി; ബംഗാളിലെ സാഹചര്യമല്ല കേരളത്തിലുള്ളത്: മുഖ്യമന്ത്രി

തിരുവനന്തപുരം: മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായിരുന്ന രത്തൻ ഖേൽക്കറെ സെക്രട്ടറിയായി നിയമിച്ചതിനെതിരെയുള്ള വിവാദങ്ങൾ തള്ളി മുഖ്യമന്ത്രി വി.ഡി. സതീശൻ. ഖേൽക്കറുടെ നിയമനം സ്വാഭാവികമായ ഭരണനടപടി മാത്രമാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾ അടിയന്തര സാഹചര്യത്തിൽ എടുത്ത ഭരണപരമായ തീരുമാനങ്ങൾ മാത്രമാണെന്നും പൂർണമായ ഉദ്യോഗസ്ഥ നിയമനങ്ങൾ ആയിട്ടില്ലെന്നും മുഖ്യമന്ത്രി വിശദീകരിച്ചു. തെരഞ്ഞെടുപ്പ് നടത്തിയാൽ അതോടെ സിഇഒയുടെ ജോലി തീരുകയാണെന്നും അത് കഴിഞ്ഞാൽ പിറ്റേ ദിവസം അദ്ദേഹം സർവീസിൽ നിന്ന് വിരമിക്കണമെന്നാണോ വിവാദം ഉണ്ടാക്കുന്നവർ പറയുന്നതെന്നും സതീശൻ ചോദിച്ചു. നളിനി നെറ്റോയെ തെരഞ്ഞെടുപ്പ് കഴിഞ്ഞതിന് ശേഷം അന്നത്തെ മുഖ്യമന്ത്രി പിണറായി വിജയനും ഇത്തരത്തിൽ നിയമിച്ചിട്ടില്ലേ എന്നും സതീശൻ ആരാഞ്ഞു.

ബംഗാളിലെ സാഹചര്യമല്ല കേരളത്തിലുള്ളതെന്നും യുഡിഎഫിന് 102 സീറ്റ് വാങ്ങിത്തന്നത് ഖേൽക്കറാണെന്ന് പറയുന്നത് എന്തൊരു തമാശയാണെന്നും മുഖ്യമന്ത്രി പരിഹസിച്ചു. ബംഗാളിൽ സിഇഒക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉയർന്നിരുന്ന സാഹചര്യത്തിലാണ് രാഹുൽ ഗാന്ധി വ്യക്തിപരമല്ലാതെ വിമർശനം ഉന്നയിച്ചതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ബംഗാളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്കെതിരെ കോൺഗ്രസും സിപിഎമ്മും തൃണമൂൽ കോൺഗ്രസുമടക്കം പരാതികൾ ഉന്നയിച്ചിരുന്നു.

എസ്ഐ ആറിലൂടെ നിരവധി പേരെ വോട്ടർ പട്ടികയൽ നിന്ന് ബംഗാളിലെ സിഇഒ പുറത്താക്കിയെന്ന ഗുരുതരമായ ആരോപണമുണ്ടായിരുന്നുവെന്നും സതീശൻ ചൂണ്ടിക്കാട്ടി. എന്നാൽ കേരളത്തിൽ രത്തൻ ഖേൽക്കർക്കെതിരെ ഇതുവരെ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടായിരുന്നോ എന്ന് അദ്ദേഹം ചോദിച്ചു.

ബിജെപിക്കോ സിപിഎമ്മിനോ അദ്ദേഹത്തിനെതിരെ തെരഞ്ഞെടുപ്പ് കാലത്ത് പരാതിയുണ്ടായിരുന്നോ എന്ന് വ്യക്തമാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. മികച്ച ട്രാക്ക് റെക്കോർഡുള്ള ഉദ്യോഗസ്ഥനായ ഖേൽക്കർ കഴിഞ്ഞ പിണറായി സർക്കാരിൻറെ കാലത്തും പല സുപ്രധാന പദവികളും വഹിച്ചിട്ടുള്ളയാളാണ്. മാധ്യമങ്ങൾ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ക്രിയാത്മകമായ ചർച്ചകൾ നടത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

## മുഖ്യമന്ത്രി ദർശനം നടത്തിയത് നിയമാനുസൃതമായി; മറിച്ചുള്ള ആരോപണത്തിൽ കഴമ്പില്ല: ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ

തൃശൂർ: മുഖ്യമന്ത്രി വി.ഡി. സതീശൻറെ ഗുരുവായൂർ ക്ഷേത്രദർശനത്തിലെ വിവാദത്തിൽ പ്രതികരണവുമായി ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അരുൺ. മുഖ്യമന്ത്രി ദർശനം നടത്തിയത് നിയമാനുസൃതമാണെന്നും മറിച്ചുള്ള ആരോപണത്തിൽ കഴമ്പില്ലെന്നും അദ്ദേഹം പറഞ്ഞു.

അഞ്ച് നെയ് വിളക്ക് ശീട്ട് ആക്കിയാണ് മുഖ്യമന്ത്രി ക്ഷേത്രത്തിനകത്ത് കടന്നത്. അഞ്ചുപേർക്ക് ദർശനം നടത്താം എന്നിരിക്കെ അകത്തു കടന്നത് നാലുപേർ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. ഭക്തരെ തടയുന്ന നടപടി ഉണ്ടായില്ല. ഒരാളുടെയും ദർശനം മുടക്കിയില്ല. പായസം കൊണ്ടുപോകുന്ന സമയത്ത് 15 മിനിറ്റോളം ഭക്തർക്കൊപ്പം കാത്തുനിന്ന ശേഷമാണ് മുഖ്യമന്ത്രി ദർശനം പൂർത്തിയാക്കിയതെന്നും അരുൺ വ്യക്തമാക്കി. മറിച്ചുള്ള പ്രചരണങ്ങൾ അവാസ്തവമാണെന്നും മന്ത്രി എം. ലിജു, ബിന്ദു കൃഷ്ണ എന്നിവർ ദർശനം നടത്തിയത് പുലർച്ചെയാണെന്നും നിയമപ്രകാരമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഞായറാഴ്ച മുഖ്യമന്ത്രിയും മന്ത്രിമാരും ഗുരുവായൂർ ദർശനം നടത്തിയ സംഭവത്തിൽ പ്രതികരണവുമായി ഗുരുവായൂർ ദേവസ്വം ചെയർമാൻ എ.വി. ഗോപിനാഥും രംഗത്തെത്തിയിരുന്നു. അവധി ദിവസങ്ങളിൽ വിഐപി ദർശനം പാടില്ല എന്നാണ് ഹൈക്കോടതി ഉത്തരവ്. എന്നാൽ മുഖ്യമന്ത്രിയും സംഘവും നിയമലംഘനം നടത്തിയതായി തോന്നുന്നില്ല. രമേശ് ചെന്നിത്തല ഒഴികെ മറ്റ് മന്ത്രിമാർ ആരും വരുമെന്ന് അറിയിച്ചില്ല. ഒട്ടേറെ പേർക്ക് തൊഴാൻ ആകാതെ പോയി എന്ന് അറിഞ്ഞു. എന്താണ് സംഭവിച്ചത് എന്ന് അന്വേഷിക്കുമെന്നും ഗോപിനാഥ് പറഞ്ഞു.

## കീവിനു നേരെ റഷ്യയുടെ കനത്ത ആക്രമണം; ഹൈപ്പർസോണിക് മിസൈൽ പ്രയോഗിച്ചതായി യുക്രെയ്ൻ

കീവ്: യുക്രെയ്ൻ തലസ്ഥാനമായ കീവിനും പരിസര പ്രദേശങ്ങൾക്കും നേരെ റഷ്യയുടെ അതിശക്തമായ മിസൈൽ-ഡ്രോൺ ആക്രമണം. യുദ്ധത്തിൽ മൂന്നാമത്തെ തവണയാണ് റഷ്യ തങ്ങളുടെ അത്യാധുനിക ഹൈപ്പർസോണിക് ബാലിസ്റ്റിക് മിസൈൽ യുക്രെയ്നു നേരെ പ്രയോഗിക്കുന്നത്. ആക്രമണത്തിൽ നാല് പേർ കൊല്ലപ്പെടുകയും നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

കീവ് മേഖലയിലെ ബിലസെർക്വ നഗരത്തിലാണ് റഷ്യ ഒരേഷ്നിക് സൂപ്പർസോണിക് മിസൈൽ പതിപ്പിച്ചതെന്ന് യുക്രെയ്ൻ പ്രസിഡൻറ് വ്ളാദ്മിർ സെലൻസ്കി വ്യക്തമാക്കി. റഷ്യയുടേത് ഭ്രാന്തമായ ആക്രമണമാണെന്ന് അദ്ദേഹം ടെലിഗ്രാമിലൂടെ പ്രതികരിച്ചു.

ഞായറാഴ്ച പുലർച്ചെ മുതൽ ആരംഭിച്ച ആക്രമണത്തിൽ 600 ഡ്രോണുകളും 90 മിസൈലുകളുമാണ് റഷ്യ പ്രയോഗിച്ചത്. ഇതിൽ 36 എണ്ണം ബാലിസ്റ്റിക് മിസൈലുകളായിരുന്നു. ഭൂരിഭാഗം ഡ്രോണുകളും മിസൈലുകളും പ്രതിരോധിക്കാൻ യുക്രെയ്നായെങ്കിലും, ബാലിസ്റ്റിക് മിസൈലുകളിൽ പലതും കീവിൽ വിനാശമുണ്ടാക്കി.

കീവിലെ എല്ലാ ജില്ലകളിലും നാശനഷ്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു സ്കൂൾ, ബിസിനസ്സ് സെൻറർ, വാട്ടർ സപ്ലൈ കേന്ദ്രം, മാർക്കറ്റ് എന്നിവയടക്കം മുപ്പതോളം പാർപ്പിട സമുച്ചയങ്ങൾ തകരുകയോ തീപിടിക്കുകയോ ചെയ്തു. നാഷണൽ ആർട്ട് മ്യൂസിയം, ചെർണോബിൽ മ്യൂസിയം തുടങ്ങിയ പൈതൃക കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.

ഒരേഷ്നിക് മിസൈലിന് പുറമെ ഇസ്കന്ദർ, കിൻഷാൽ, സിർകോൺ മിസൈലുകളും ഉപയോഗിച്ച് യുക്രെയ്നിലെ സൈനിക കമാൻഡ് കേന്ദ്രങ്ങളും എയർ ബേസുകളും വിജയകരമായി തകർത്തതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അവകാശപ്പെട്ടു. റഷ്യൻ പ്രദേശങ്ങളിലെ സിവിലിയൻ കേന്ദ്രങ്ങൾക്ക് നേരെ യുക്രെയ്ൻ നടത്തിയ ആക്രമണങ്ങൾക്കുള്ള തിരിച്ചടിയാണിതെന്നാണ് മോസ്കോയുടെ വാദം. ആണവ-ആണവേതര യുദ്ധമുനകൾ വഹിക്കാൻ ശേഷിയുള്ള ഒരേഷ്നിക് മിസൈൽ ഇതിനു മുമ്പ് 2024 നവംബറിൽ ഡിനിപ്രോയിലും, പിന്നീട് ജനുവരിയിൽ ലിവിലുമാണ് റഷ്യ പ്രയോഗിച്ചിട്ടുള്ളത്.

## ഗ്രീൻ കാർഡിലെ പുതിയ നയം; എച്ച്-1 ബി വിസ ഉടമകളെ ബാധിച്ചേക്കില്ല

വാഷിംഗ്ടൺ ഡിസി: അമേരിക്കയുടെ സ്ഥിരതാമസ രേഖയായ ഗ്രീൻ കാർഡുമായി ബന്ധപ്പെട്ട നയം മാറ്റം എച്ച്-1ബി വിസ ഉടമകൾക്ക് ബാധകമായേക്കില്ലെന്ന് സൂചന. ഗ്രീൻ കാർഡിന് അപേക്ഷിക്കുന്ന എച്ച്-1ബി വിസ ഉടമകൾക്ക് അമേരിക്ക വിടേണ്ട സാഹചര്യമുണ്ടാകില്ലെന്ന് സൂചിപ്പിച്ച് യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് വക്താവ് സാക്ക് കഹ്ലർ.

കഴിഞ്ഞ ദിവസമാണ് അമേരിക്കൻ കുടിയേറ്റ നയത്തിൽ വലിയ മാറ്റം വരുത്തി യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് പ്രഖ്യാപനം നടത്തിയത്. പുതിയ നയം അനുസരിച്ച് ഗ്രീൻ കാർഡിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കുടിയേറ്റക്കാർ ആദ്യം അമേരിക്ക വിടണം, തുടർന്ന് മാതൃരാജ്യത്തെ എംബസിയോ കോൺസുലേറ്റോ മുഖേന അപേക്ഷ സമർപ്പിക്കണം. സ്റ്റാറ്റസ് മാറ്റാൻ ആഗ്രഹിക്കുന്നവർ അസാധാരണമായ സാഹചര്യങ്ങളിൽ ഒഴികെ രാജ്യത്തിന് പുറത്തുള്ള കോൺസുലാർ പ്രോസസിംഗിലൂടെ മാത്രമേ അത് ചെയ്യാവൂ എന്നാണ് യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് അറിയിച്ചത്.

അനധികൃത കുടിയേറ്റം അവസാനിപ്പിക്കാനുള്ള ട്രംപ് ഭരണകൂടത്തിൻറെ നീക്കങ്ങളുടെ ഒടുവിലത്തെ നടപടിയാണിത്. ഇതുവഴി വിസ കൈവശമുള്ളവർക്കും സന്ദർശകർക്കും യുഎസിൽ ആയിരിക്കുമ്പോൾ തന്നെ ഗ്രീൻ കാർഡിനായി അപേക്ഷിക്കാൻ അനുവദിച്ചിരുന്ന പഴുതുകൾ അടയ്ക്കാനാണ് ഭരണകൂടത്തിൻറെ ശ്രമം.

അതേസമയം യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് വക്താവ് സാക്ക് കഹ്ലറുടെ ഏറ്റവും ഒടുവിലത്തെ പ്രതികരണം അമേരിക്കയുടെ താൽക്കാലിക വർക്ക് വിസയായ എച്ച്-1ബി വിസയിൽ രാജ്യത്ത് എത്തി ഗ്രീൻ കാർഡിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആശ്വാസകരമാണ്.

## ഇറാനുമായി ധൃതിപിടിച്ച് ഒരു കരാറിനില്ലെന്ന് ഡോണൾഡ് ട്രംപ്; ഒപ്പുവെക്കുന്നത് വരെ ഉപരോധം തുടരും

വാഷിംഗ്ടൺ: പശ്ചിമേഷ്യയിലെ യുദ്ധം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇറാനുമായി ധൃതിപിടിച്ച് ഒരു സമാധാന കരാറിലേർപ്പെടാൻ അമേരിക്ക തയ്യാറല്ലെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകൾ പുരോഗമിക്കുന്നതിനിടെയാണ് പ്രതീക്ഷകൾക്ക് അല്പം മങ്ങലേൽപ്പിച്ചുകൊണ്ട് ട്രംപിൻറെ പുതിയ പ്രതികരണം വന്നിരിക്കുന്നത്. ചർച്ചകളിൽ സമയം അമേരിക്കയുടെ ഭാഗത്താണെന്നും അതിനാൽ കരാറിനായി തിടുക്കം കൂട്ടേണ്ടതില്ലെന്ന് തൻറെ പ്രതിനിധികൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും ട്രംപ് വ്യക്തമാക്കി.

തൻറെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ 'ട്രൂത്ത് സോഷ്യൽ' വഴിയാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്. ഇരു രാജ്യങ്ങളും തമ്മിൽ ഔദ്യോഗികമായി ഒരു കരാറിൽ എത്തിച്ചേരുകയും അത് ഒപ്പുവെക്കുകയും ചെയ്യുന്നത് വരെ ഹോർമൂസ് കടലിടുക്കിൽ ഇറേനിയൻ കപ്പലുകൾക്ക് മേൽ ഏർപ്പെടുത്തിയിരിക്കുന്ന യുഎസ് ഉപരോധം പൂർണ ശക്തിയോടെ തുടരുമെന്ന് ട്രംപ് വ്യക്തമാക്കി. ഇറാനുമായുള്ള ചർച്ചകൾ നിലവിൽ വ്യവസ്ഥാപിതവും സുരക്ഷിതവുമായ രീതിയിലാണ് പുരോഗമിക്കുന്നത്.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ പ്രൊഫഷണലായി മാറിയിട്ടുണ്ട്. എങ്കിലും ഇരുപക്ഷവും ആവശ്യത്തിന് സമയമെടുത്ത് കാര്യങ്ങൾ കൃത്യമായി ചെയ്യണമെന്നും കരാറിൽ യാതൊരുവിധ പിഴവുകളും ഉണ്ടാകരുതെന്നും ട്രംപ് ഓർമിപ്പിച്ചു. ബരാക് ഒബാമയുടെ ഭരണകാലത്തുണ്ടായ ആണവ കരാറിനെ ട്രംപ് വീണ്ടും വിമർശിച്ചു. ഇറാന് ഒരിക്കലും ഒരു ആണവായുധം വികസിപ്പിക്കാനോ സ്വന്തമാക്കാനോ കഴിയില്ലെന്ന് അവർ മനസ്സിലാക്കണമെന്ന് ട്രംപ് വീണ്ടും മുന്നറിയിപ്പ് നൽകി. ഇറാൻറെ ആണവ സന്പുഷ്ടീകരണം പൂർണമായി നിർത്തിയാൽ മാത്രമേ കരാർ അംഗീകരിക്കൂ എന്ന് ഇസ്രായേലും യുഎസിനെ അറിയിച്ചിട്ടുണ്ട്.

ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണെന്നും, യുദ്ധം അവസാനിപ്പിക്കുന്നതിനായി 14 നിബന്ധനകൾ അടങ്ങിയ ഒരു ധാരണാപത്രത്തിലേക്ക് കാര്യങ്ങൾ അടുക്കുകയാണെന്നും ഇറാൻറെ വിദേശകാര്യ മന്ത്രാലയ വക്താവ് ഇസ്മായിൽ ബഖാഇ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

ഹോർമൂസ് കടലിടുക്ക് വീണ്ടും തുറക്കുന്നതും വെടിനിർത്തൽ 60 ദിവസത്തേക്ക് നീട്ടുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് പ്രധാനമായും ചർച്ചയിലുള്ളത്. എന്നാൽ കരാറിൻറെ നിബന്ധനകൾ ഇറാന് അനുകൂലമാകുമോ എന്ന ആശങ്കയിൽ ട്രംപിൻറെ സ്വന്തം പാർട്ടിയിലെ (റിപ്പബ്ലിക്കൻ) ചില ജനപ്രതിനിധികളിൽ നിന്ന് തന്നെ വിമർശനങ്ങൾ ഉയർന്നതിന് പിന്നാലെയാണ് ട്രംപ് നിലപാട് കർശനമാക്കിയത്.

## പിണറായിയെ വിമാനത്തിൽ ആക്രമിച്ചെന്ന കേസ്: വ്യോമയാനവകുപ്പ് ഒഴിവാക്കി കുറ്റപത്രം

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രി പിണറായി വിജയനെ ഇൻഡിഗോ വിമാനത്തിനുള്ളിൽ വച്ച് ആക്രമിച്ചെന്ന കേസിൽ മൂന്നു വർഷത്തിനു ശേഷം കുറ്റപത്രം സമർപ്പിച്ചു. ഏറെ വിവാദമായ കേസിൽ വ്യോമയാനവകുപ്പ് ഒഴിവാക്കിയാണ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. ഇൻഡിഗോ വിമാനത്തിനുള്ളിൽ വച്ച് പിണറായിയെ വധിക്കാൻ ശ്രമിച്ചുവെന്നാണ് കുറ്റപത്രത്തിലുള്ളത്. ശബരിനാഥൻ ഉൾപ്പെടെ നാലുപേരാണ് കേസിലെ പ്രതികൾ. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് കേസ് പരിഗണിക്കുന്നത്. 2022 ജൂൺ 13നാണ് കേസിനാസ്പദമായ സംഭവം നടന്നത്. വ്യോമയാന വകുപ്പുകൾ ചുമത്താൻ പ്രോസിക്യൂഷൻ അനുമതി തേടി കേന്ദ്രത്തെ സമീപിച്ചപ്പോൾ ആവശ്യം തള്ളിയിരുന്നു. ഈ സാഹചര്യത്തിലാണ് ഈ വകുപ്പ് ഒഴിവാക്കി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ ഉൾക്കൊള്ളിച്ച് കുറ്റപത്രം സമർപ്പിച്ചത്.

## ലൂയി സുവാരസിന് ഹാട്രിക്ക്; ഇൻറർ മിയാമിക്ക് ആവേശ ജയം

മിയാമി: അമേരിക്കൻ മേജർ ലീഗ് സോക്കറിൽ ഇൻറർ മിയാമിക്ക് ആവേശ ജയം. ഞായറാഴ്ച നടന്ന മത്സരത്തിൽ ഫിലാഡെൽഫിയയെ നാലിനെതിരെ ആറ് ഗോളുകൾക്ക് തോൽപ്പിച്ചു. ഇൻറർ മിയാമിക്ക് വേണ്ടി ലൂയി സുവാരസ് ഹാട്രിക്ക് നേടി. ജെർമൻ ബെർട്ടെറാമെ രണ്ട് ഗോളുകളും റോഡ്രിഗോ ഡി പോൾ ഒരു ഗോളും സ്കോർ ചെയ്തു. ഫിലാഡെൽഫിയയ്ക്ക് വേണ്ടി മിലാൻ ലോസ്കി ഹാട്രിക്കും ബ്രൂണോ ഡമിയാനി ഒരു ഗോളും നേടി. വിജയത്തോടെ 31 പോയിൻറായ ഇൻറർ മിയാമി ലീഗിൽ രണ്ടാം സ്ഥാനത്ത് തുടരുകയാണ്. മത്സരത്തിനിടെ സൂപ്പർ താരം ലയണൽ മെസിയെ പരിക്കിനെ തുടർന്ന് പിൻവലിച്ചിരുന്നു. ലോകകപ്പ് അടുത്തിരിക്കെ മെസിക്ക് പരിക്കേറ്റത് അർജൻറീന ആരാധകരെ ആശങ്കയിലാക്കിയിട്ടുണ്ട്.

## ആലപ്പുഴയിൽ വൻ എംഡിഎംഎ വേട്ട; രണ്ടുപേർ പിടിയിൽ, ആയുധങ്ങളും പണവും പിടിച്ചെടുത്തു

ആലപ്പുഴ: ആലപ്പുഴയിൽ 149.732 ഗ്രാം എംഡിഎംഎയുമായി രണ്ടുപേർ എക്സൈസ് പിടിയിൽ. ആലപ്പുഴ ആറാട്ടുവഴി സ്വദേശി അൻഷാദ്, പുന്നമട സ്വദേശി അർഷാദ് എന്നിവരാണ് പിടിയിലായത്.

ഇവർ വാടകയ്ക്ക് താമസിക്കുന്ന വീട്ടിൽ നിന്നാണ് പിടികൂടിയത്. ഇവരിൽ നിന്ന് 4.67 ലക്ഷം രൂപയും മഴുവും പിടിച്ചെടുത്തു. അൻഷാദ് നാല് കേസുകളിലെ പ്രതിയാണ്. ടൂറിസം മേഖല കേന്ദ്രീകരിച്ച് വിൽപ്പനയ്ക്ക് എത്തിച്ചതാണ് എംഡിഎംഎ. ജില്ലയിൽ എക്സൈസിൻറെ വലിയ എംഡിഎംഎ വേട്ടയാണിത്. ഇവരെ കേന്ദ്രീകരിച്ച് അന്വേഷണവും നടന്നുവരുന്നു. ഇതിൻറെ പിന്നിലെ പ്രധാന കണ്ണികളിലേക്ക് എത്തുകയെന്ന ലക്ഷ്യത്തിലാണ് എക്സൈസിൻറെ അന്വേഷണം പുരോഗമിക്കുന്നത്.

## അന്താരാഷ്ട്ര ബ്രാൻഡുകളുടെ വ്യാജ ഉത്പന്നങ്ങൾ വിറ്റഴിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി

കുവൈറ്റ് സിറ്റി: അന്താരാഷ്ട്ര ബ്രാൻഡുകളുടെ വ്യാജ ഉത്പന്നങ്ങൾ കൈവശം വയ്ക്കുകയും പ്രദർശിപ്പിക്കുകയും വിൽക്കുകയും ചെയ്യുന്ന വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി. ക്യാപിറ്റൽ ഗവർണറേറ്റിലെ പരിശോധനാ സംഘവും ഹവല്ലി ഗവർണറേറ്റ് ഇൻവെസ്റ്റിഗേഷൻ വിഭാഗവുമാണ് പരിശോധന നടത്തിയത്. ബൗദ്ധിക സ്വത്തവകാശ നിയമങ്ങളും ട്രേഡ്മാർക്ക് സംരക്ഷണ ചട്ടങ്ങളും ലംഘിച്ച് അന്താരാഷ്ട്ര ബ്രാൻഡുകളുടെ വ്യാജ പതിപ്പുകൾ ഉപഭോക്താക്കൾക്ക് വിറ്റഴിക്കാനായിരുന്നു ഈ സ്ഥാപനങ്ങളുടെ ശ്രമമെന്ന് അധികൃതർ വ്യക്തമാക്കി. പരിശോധനയ്ക്കിടയിൽ കണ്ടെത്തിയ വ്യാജ ഉൽപ്പന്നങ്ങളെല്ലാം അധികൃതർ പിടിച്ചെടുക്കുകയും നിയമലംഘനം നടത്തിയ എട്ട് കടകൾ ഉടനടി പൂട്ടിപ്പിക്കുകയും ചെയ്തു. നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ കസ്റ്റഡി റിപ്പോർട്ടുകൾ ഫയൽ ചെയ്തതായും ആവശ്യമായ തുടർ നിയമനടപടികൾ ആരംഭിച്ചതായും സുരക്ഷാ വിഭാഗം അറിയിച്ചു.

## ന്യൂസിലൻഡിൽ കാറപകടം, ഇന്ത്യൻ വംശജൻ മരിച്ചു

വെല്ലിംഗ്ടൺ: ന്യൂസിലൻഡിലെ പപമോവയിൽ വാഹനാപകടത്തിൽ ഇന്ത്യൻ വംശജനായ യുവാവ് മരിച്ചു. പഞ്ചാബ് സ്വദേശി രമൺദീപ് ധില്ലൻ (36) ആണ് മരിച്ചത്. ടാക്സി ഡ്രൈവറായി ജോലി ചെയ്യുന്ന ഇദ്ദേഹത്തിൻറെ കാർ മറ്റൊരു വാഹനവുമായി കൂട്ടിയിടിക്കുകയായിരുന്നു. രമൺദീപ് സംഭവസ്ഥലത്ത് വച്ചു തന്നെ മരിച്ചു. വാഹനത്തിലുണ്ടായിരുന്ന രണ്ട് പേർക്ക് പരിക്കേറ്റു.

ഭാര്യ വീർപാലും ഒന്നര വയസ് പ്രായമുള്ള കുഞ്ഞുമായാണ് ഇദ്ദേഹം ന്യൂസിലാൻഡിൽ താമസിക്കുന്നത്. 2015 ൽ സ്റ്റുഡൻറ് വീസയിലാണ് രമൺദീപ് ന്യൂസിലൻഡിലെത്തുന്നത്. 2024 ൽ ഇന്ത്യയിൽ തിരിച്ചെത്തി വീർപാലിനെ വിവാഹം കഴിച്ചു. തുടർന്ന് ഇരുവരും ന്യൂസിലൻഡിലേക്ക് പപമോവയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. അവിടെ രണ്ടുപേരും കിവി തോട്ടത്തിലാണ് ജോലി ചെയ്തിരുന്നത്. പിന്നീട് മകൾ കുദ്രത് ജനിച്ചതിന് ശേഷമാണ് ഇദ്ദേഹം ടാക്സി ഡ്രൈവറായിൽ ജോലി ചെയ്തു തുടങ്ങിയത്.

അപകടം നടന്ന റോഡിലൂടെ അദ്ദേഹം സ്ഥിരമായി യാത്ര ചെയ്യാറുണ്ടായിരുന്നുവെന്ന് വീർപാൽ പറഞ്ഞു. അപകടം നടന്ന ദിവസം പകൽ മുഴുവൻ മകൾക്കൊപ്പമാണ് രമൺദീപ് ചിലവഴിച്ചത്. വൈകുന്നേരം ജോലിക്ക് പോകുന്നതിന് മുൻപ് ഭക്ഷണം കഴിക്കാൻ തിരിച്ചെത്താമെന്ന് പറഞ്ഞാണ് അദ്ദേഹം വീട്ടിൽ നിന്നിറങ്ങുന്നത്. എന്നാൽ രാത്രി വൈകിയിട്ടും വീട്ടിൽ തിരിച്ചെത്തിയില്ല. പിന്നീട് പോലീസ് വീട്ടിലെത്തിയാണ് രമൺദീപിൻറെ മരണവാർത്ത അറിയിച്ചത്.

ഇദ്ദേഹത്തിൻറെ സംസ്കാരം ന്യൂസിലൻഡിൽ തന്നെ നടത്തി. ന്യൂസിലൻഡിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ചടങ്ങുകളിൽ പങ്കെടുക്കുകയും കുടുംബത്തെ സഹായിക്കാൻ ധനസമാഹരണം നടത്തുകയും ചെയ്തു.

## പൈപ്പ് പൊട്ടി റോഡ് തകർന്നു: അറ്റകുറ്റ പണിക്കുശേഷം ഗതാഗതം താറുമാറായി

പേരൂർക്കട: രണ്ടുദിവസംമുമ്പ് പൈപ്പ് പൊട്ടിയതിനെത്തുടർന്നു തകർന്ന റോഡ് വാട്ടർ അഥോറിറ്റി ഒന്നുകൂടി തകർത്തു. ഇപ്പോൾ തിരക്കുപിടിച്ച റോഡിൽ വാഹനയാത്ര ദുഷ്കരം. നാലാഞ്ചിറ ഉദിയന്നൂർ ക്ഷേത്രം റോഡിനാണ് ഈ ദുർഗതി. 400 മീറ്ററോളം നീളുന്നതാണ് ഉദിയന്നൂർ ക്ഷേത്രം റോഡ്. രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും ഒഴികെ ഇവിടെ രാവിലെയും വൈകുന്നേരവും ഗതാഗതക്കുരുക്കാണ്. മുക്കോലയ്ക്കലിനെ എംസി റോഡുമായി ബന്ധിപ്പിക്കുന്ന റോഡാണ് ഉദിയന്നൂർ ക്ഷേത്രം റോഡ്. ഇതുവഴി കടന്നുപോകുന്ന പിവിസി ലൈനിൽ ചോർച്ചയുണ്ടായതോടെയാണ് വാട്ടർ അഥോറിറ്റി അറ്റകുറ്റപ്പണി ആരംഭിച്ചത്. വീണ്ടും പൈപ്പ് പൊട്ടാൻ സാധ്യതയുള്ളതിനാൽ റോഡ് മണ്ണിട്ടുമൂടിയശേഷം ഓലയുടെ ഉണങ്ങിയ കീറുകൾ കുഴിയിൽ നാട്ടി. രാത്രികാലങ്ങളിൽ കാറുകൾ ഉൾപ്പെടെ ഇതുവഴി എത്തിപ്പെട്ട് കുഴിയിൽ വീണാൽ പിന്നീട് തിരികെ കയറാൻ സാധിക്കുകയില്ല. സ്കൂളിലേക്കു പോകുന്ന വാഹനങ്ങൾ, ഹെവി വാഹനങ്ങൾ, സ്കൂൾ ബസ്സുകൾ, സ്വകാര്യ കാറുകൾ, ടൂ വീലറുകൾ എന്നിവ കൊണ്ട് കുരുക്കിലകപ്പെടുന്ന റോഡാണ് ഉദിയന്നൂർ ക്ഷേത്രം റോഡ്. പൈപ്പ് പൊട്ടി റോഡ് തകർന്നതും അറ്റകുറ്റപ്പണി നടത്തി ഗതാഗതതടസം സൃഷ്ടിച്ചതും അധികൃതരുടെ കെടുകാര്യസ്ഥതയാണെന്നും പൈപ്പിൻറെ പ്രശ്നം കണ്ടുപിടിച്ച് ശാശ്വത പരിഹാരം കണ്ടെത്തിയശേഷം കുഴി പൂർണമായി മൂടി കോൺക്രീറ്റ് ചെയ്യണമെന്നും പ്രദേശവാസികൾ ആവശ്യപ്പെടുന്നു.

## പ്രതിപക്ഷനേതാവിനെതിരായ കോടതിവിധി; തുർക്കിയിൽ ജനം തെരുവിൽ

അങ്കാറ: പ്രതിപക്ഷനേതാവിനെ പുറത്താക്കിക്കൊണ്ടുള്ള അസാധാരണ കോടതി വിധിക്കെതിരേ തുർക്കിയിൽ പ്രതിഷേധം ശക്തമാകുന്നു. പ്രതിപക്ഷപാർട്ടികൾ ഒന്നടങ്കം കോടതിവിധിക്കെതിരേ രംഗത്തെത്തിയതോടെയാണു പ്രതിഷേധം ശക്തമായത്. പ്രസിഡൻറ് റജബ് ത്വയിബ് എർദോഗൻറെ ഭരണത്തിന് കടുത്ത വെല്ലുവിളി ഉയർത്തിയിരുന്ന പ്രതിപക്ഷനേതാവ് ഓസ്ഗുർ ഓസലിനെ പദവിയിൽനിന്നു നീക്കിയ കോടതി ഉത്തരവിനെതിരേയാണ് പ്രതിപക്ഷപാർട്ടികളും ജനങ്ങളും തെരുവിലിറങ്ങി പ്രതിഷേധിക്കുന്നത്. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലായി ഇതിനോടകം നിരവധി പ്രതിപക്ഷനേതാക്കളെ ഭരണകൂടം അറസ്റ്റ് ചെയ്തിട്ടുണ്ട്. രാജ്യത്തെ പ്രധാന പ്രതിപക്ഷപാർട്ടിയായ റിപ്പബ്ലിക്കൻ പീപ്പിൾസ് പാർട്ടിയിൽ 2023ൽ നടന്ന നേതൃതെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ടാണു അങ്കാറയിലെ അപ്പീൽകോടതിയുടെ അസാധാരണ വിധി കഴിഞ്ഞദിവസം പുറത്തുവന്നത്. ഓസ്ഗുറിനെ പദവിയിൽനിന്നു പുറത്താക്കിയ കോടതി പകരം അദ്ദേഹത്തിൻറെ മുൻഗാമി കെമാൽ കിലിച്ദാരോഗ്ലുവിനെ തത്സ്ഥാനത്തു നിയമിക്കാൻ ഉത്തരവിട്ടു. എർദോഗനെതിരേ ശക്തമായി നിലക്കൊള്ളുന്ന പ്രതിപക്ഷത്തിന് ശക്തമായ തിരിച്ചടിയാണ് ഈ കോടതിവിധി.

## അഭിമുഖം

തിരുവനന്തപുരം, വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗത്തിൽ ലക്ചറർ, ട്രേഡ്സ്മാൻ തസ്തികകളിലേക്കുള്ള അഭിമുഖം ജൂൺ 3 രാവിലെ 10ന് കോളേജിൽ നടത്തും. നിശ്ചിത യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

വിശദ വിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ (www.cpt.ac.in) ലഭ്യമാണ്. ട്രേഡ്സ്മാൻ തസ്തികക്കായി ഐ.ടി.ഐ / കെ.ജി.സി.ഇ / വി.എച്ച്.സി.ഇ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി / ഉയർന്ന യോഗ്യത ഉണ്ടായിരിക്കണം. ബി.ടെക് ഇൻ ടെക്സ്റ്റൈൽ ടെക്നോളജി (ഫസ്റ്റ് ക്ലാസ്സ്) ആണ് ലക്ചററുടെ യോഗ്യത.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# അനുദിന ദിവ്യബലിയിൽ മുടങ്ങാതെ പങ്കെടുത്ത മതബോധന വിദ്യാർഥികൾക്ക് വിമാനയാത്രയുൾപ്പെടെയുള്ള ടൂർപാക്കേജ് നൽകി കണ്ണാന്തുറ ഇടവക




കണ്ണാന്തുറ: അനുദിന ദിവ്യബലിയിൽ മുടങ്ങാതെ പങ്കെടുത്ത മതബോധന വിദ്യാർഥികൾക്ക് പ്രോത്സാഹനവുമായി കണ്ണാന്തുറ ഇടവക. രണ്ടാം ക്ലാസ് മുതൽ ഡിഗ്രി വരെയുള്ള മതബോധന വിദ്യാർത്ഥികൾക്ക് വിമാനയാത്രയുൾപ്പെടെയുള്ള ടൂർപാക്കേജ് നൽകി. മെയ് 20 ബുധനാഴ്ച ജനശതാബ്ദി ട്രെയിനിൽ 11 വിദ്യാർത്ഥികളും ഇടവക വികാരിയുമായി ആരംഭിച്ച യാത്ര മെയ് 21ന് കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള വിമാനയാത്രയോടുകൂടി സമാപിച്ചു. തീവണ്ടി, വാട്ടർ മെട്രോ, മെട്രോ ട്രെയിൻ, വാൻ, വിമാനം ഇങ്ങനെ എല്ലാ ഗതാഗത മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തിയുള്ള വിനോദയാത്ര വിദ്യാർഥികൾക്ക് വേറിട്ട അനുഭവമായി. വല്ലാർപാടം ദേവാലയം, ഇടപ്പള്ളി സന്ദർശിച്ച് ബലിയർപ്പിച്ചു. വാസ്കോഡഗാ ശവകുടീരം, ലുലു മാൾ, ആലുവ കടൽത്തീരം എന്നിവടങ്ങളിലും സന്ദർശിച്ചു. അനുദിന ദിവ്യബലിയിൽ മതബോധന വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഇടവക വികാരി ഫാദർ ക്ലീറ്റസ് വിൻസെന്റിന്റെ പ്രത്യേക താല്പര്യ പ്രകാരമാണ് ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്കായി എല്ലാ ഗതാഗത മാർഗങ്ങളും ഉൾകൊള്ളിച്ചുള്ള വിനോദയാത്ര പരിപാടി നടപ്പിലാക്കിയത്.

# രേഖകളിലേക്ക് വേണ്ടിയല്ല, ജനങ്ങളുടെ കാര്യങ്ങൾ ജനങ്ങൾക്ക് വേണ്ടി പറയുന്നതാണ് സ്പീക്കറുടെ മുൻ പ്രസംഗം ഓർമ്മിപ്പിച്ച് ബി.ബി.ഗോപകുമാർ

**ബി.ബി.ഗോപകുമാർ**

തിരുവനന്തപുരം: 'ചട്ടം ഗോപ ഉന്നയിക്കുന്നത് അതുകൊണ്ട് നിയമസഭാ രേഖകളിൽ അത് കാണില്ല' എന്ന് ഒരിക്കൽ സ്പീക്കർ പറഞ്ഞപ്പോൾ 'ആ രേഖകളിൽ കാണാൻ വേണ്ടിയല്ല, ജനങ്ങളുടെ കാര്യങ്ങൾ ജനങ്ങൾക്ക് വേണ്ടി പറയുകയാണെന്ന്' എന്ന് എംഎൽഎയായിരുന്ന തിരുവഞ്ചൂർ രാധാകൃഷ്മൻ പറഞ്ഞ മറുപടിയാണ് പുതിയ സ്പീക്കറോടും പറയാനുള്ളതെന്ന് ചാത്തന്നൂർ എംഎൽഎ ബി.ബി.ഗോപകുമാർ. ജനങ്ങൾക്ക് വേണ്ടി നിയമസഭയിൽ പറയുമ്പോൾ ബിജെപിക്ക് മൂന്ന് അംഗങ്ങൾ മാത്രമേ ഉള്ളൂ എന്ന് കരുതുന്നതിനുമപ്പുറം പറയുന്ന കാര്യങ്ങളുടെ പ്രസക്തി കൂടി ഉൾക്കൊള്ളണമെന്നും ഗോപകുമാർ ആവശ്യപ്പെട്ടു. സ്പീക്കറായി ചുതമലയേറ്റ തിരുവഞ്ചൂർ രാധാകൃഷ്ണനെ അനുമോദിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബിജെപി പ്രതിനിധി നിയമസഭാ സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കുന്നത് ചരിത്രത്തിൽ ആദ്യമാണെന്ന പ്രത്യേകത കൂടിയുണ്ടെന്ന് ഗോപകുമാർ പറഞ്ഞു. ചാത്തന്നൂരിനെ പ്രതിനിധീകരിച്ച് ആദ്യമായി എംഎൽഎ ആയി സഭയിൽ എത്തുമ്പോൾ തന്നെ സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കാനും സ്പീക്കറെ അഭിനന്ദിച്ച് സംസാരിക്കാനും അവസരം കിട്ടിയത് ഭാഗ്യമായിട്ട് കണക്കാക്കുന്നു. സ്പീക്കർ എംഎൽഎ ആയിരിക്കുമ്പോൾ കേരള നിയമസഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ സ്പീക്കർ ആയിരുന്നയാൾ, 'ചട്ടം പാലിച്ചല്ല ഉന്നയിക്കുന്നത് അതുകൊണ്ട് നിയമസഭാ രേഖകളിൽ അത് കാണില്ല' എന്ന് പറഞ്ഞു. അതിന് ൽകിയ മറുപടി 'ആ രേഖകളിൽ കാണാൻ വേണ്ടിയല്ല, മറിച്ച് ജനങ്ങളുടെ കാര്യങ്ങൾ ജനങ്ങൾക്ക് വേണ്ടി പറയുന്ന ഒരു വേദിയാണ്' എന്നതാണ് ബിജെപി അംഗങ്ങൾക്ക് പറയാനുള്ളത്.

അഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുമ്പോൾ സംസ്ഥാനത്തെ പൈശാചികമായ ഒരു രാഷ്ട്രീയ കൊലപാതക കേസിൽ പ്രതികളെ മാത്രമല്ല,

ഗൂഢാലോചന നടത്തിയവരെ കൂടി പുറത്തേക്ക് കൊണ്ടുകവന്നു. അതുപോലെ നിയമസഭയിലെ 140 അംഗങ്ങളെ 137 ഉം മൂന്നുമായി കാണരുത്. ബിജെപിയുടെ മൂന്ന് പേരുടെയും കൂടി എല്ലാ കാര്യങ്ങളും ഈ നിയമനിർമ്മാണ സഭയിൽ ഉന്നയിക്കുവാനുള്ള അവസരം കൂടി നൽകണമെന്നും ഗോപകുമാർ ആവശ്യപ്പെട്ടു.

# സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം സഭയിൽ ബിജെപി എം എൽ എമാർ നടത്തിയ പ്രസംഗം.

## തെരഞ്ഞെടുപ്പിലൂടെയുണ്ടായ മാറ്റം നിയമസഭയിലും പ്രിതഫലിക്കണം:രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ ആഗ്രഹിച്ചമാറ്റം നിയമ സഭയക്കുള്ളിലും പ്രകടമാകണമെന്നും ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കാൻ അനുവദിക്കണമെന്നും നേമം എംഎൽഎ രാജീവ് ചന്ദ്രശേഖർ നിയമസഭയിൽ ആവശ്യപ്പെട്ടു. സ്പീക്കറായി ചുതമലയേറ്റ തിരുവഞ്ചൂർ രാധാകൃഷ്ണനെ അനുമോദിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിയമസഭ ജനാധിപത്യ സംവിധാനത്തിന്റെ കേന്ദ്രമാണെന്നും നിയമസഭയിലെ ശരിയായ ജനാധിപത്യ പ്രവർത്തനത്തിനുള്ള ഗൗരവമേറിയ ഉത്തരവാദിത്തം സ്പീക്കർക്കാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ജനങ്ങളിൽ നിന്നും ഞങ്ങൾക്ക് കിട്ടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ബിജെപി എംഎൽഎമാരെ അനുവദിക്കണം. പുതിയ എംഎൽഎമാരെ പ്രോത്സാഹിപ്പിക്കണം. ജനങ്ങൾ ആഗ്രഹിക്കുന്ന വിഷയങ്ങൾ നിയമസഭിയിൽ ചർച്ചചെയ്യാനും ജനങ്ങൾക്ക് വികസനവും അസലങ്ങളുമുള്ള മികച്ച ഭാവി സൃഷ്ടിക്കാനുമാണ് തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ മാറ്റം ആഗ്രഹിച്ചത്. നിയമസഭയ്ക്കും അംഗങ്ങൾക്കും ഒരുമിച്ച് ചർച്ച ചെയ്യാൻ കഴിയുന്ന മഹത്തരമായി നിരവധി കാര്യങ്ങളുണ്ട്. ഒരുമിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചാൽ മെച്ചപ്പെട്ട ഒരു വികസിത കേരളം എല്ലാവർക്കും ചേർന്ന് സൃഷ്ടിക്കാമെന്നും അതിന് ബിജെപി അംഗങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടാകുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ബിജെപി എൻഡിഎയുടെയും ബിജെപി എൻഡിഎ പിന്തുണച്ച 30 ലക്ഷം വോട്ടർമാരുടെയും അഭിനന്ദനങ്ങളും ആശംസകളും രാജീവ് ചന്ദ്രശേഖർ സ്പീക്കറെ അറിയിച്ചു.

# സമാധാനത്തിനായി പരിശുദ്ധാത്മാവിനോടു പ്രാർഥിക്കാമെന്നു മാർപാപ്പ

വത്തിക്കാൻ സിറ്റി: സമാധാനം വിളയാടുന്ന, കൂടുതൽ സാഹോദര്യപൂർണമായ ഒരു ലോകം കെട്ടിപ്പടുക്കാൻ പരിശുദ്ധാത്മാവിനോടു പ്രാർഥിക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്തു ലെയോ പതിനാലാമൻ മാർപാപ്പ. പന്തക്കുസ്താ തിരുനാൾ ദിനമായിരുന്ന ഇന്നലെ ത്രികാല സന്ധ്യാ പ്രാർഥനയ്ക്കുശേഷം സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

വ്യക്തികളുടെ ജീവിതത്തിലും സഭയുടെ ദൗത്യത്തിലും 'അടഞ്ഞ വാതിലുകൾ' തുറക്കുന്നതിൽ പരിശുദ്ധാത്മാവിൻറെ പങ്കിനെക്കുറിച്ച് ഓർമിപ്പിച്ച മാർപാപ്പ, എല്ലാവരാലും സ്വാഗതം ചെയ്യപ്പെടുന്ന ഒരു ഇടമായി സഭ മാറുന്നതിന് സ്നേഹനിധിയായ ഒരു പിതാവായി ദൈവത്തെ വീണ്ടും കണ്ടെത്താൻ ആഹ്വാനം ചെയ്തു.

പ്രതിരോധം, സ്വാർഥത, അവിശ്വാസം, മുൻവിധി എന്നിവയെ മറികടക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. അതുവഴി സാഹോദര്യം വളരാനിടവരട്ടെ.

പരിശുദ്ധാത്മാവ് തുറക്കുന്നത് മൂന്നു വാതിലുകളാണ്. ആദ്യത്തേതു ദൈവവുമായുള്ള കൂടിക്കാഴ്ചയിലേക്കുള്ള വാതിലാണ്. അവിടെ നിയമങ്ങൾ പാലിക്കുന്നതിനുപകരം വിശ്വാസം വ്യക്തിപരമായ അനുഭവമായി മാറുന്നു. ദൈനംദിന ജീവിതത്തിൽ ദൈവത്തിൻറെ സാന്നിധ്യം തിരിച്ചറിയാനും ഈശോമിശിഹായുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. രണ്ടാമത്തെ വാതിൽ സഭയുടേതുതന്നെയാണ്. പരിശുദ്ധാത്മാവ് ഭയവും മടിയും നീക്കം ചെയ്യുന്നും അവിടുന്ന് ആധുനികകാലത്തെ വെല്ലുവിളികളോടു പ്രതികരിക്കാനും കൂടുതൽ തുറവിയുള്ളതാകാനും സഭയെ പ്രാപ്തമാക്കുകയും ചെയ്യും. ദൈവത്തിൽനിന്നും പ്രത്യാശയിൽനിന്നും വിശ്വാസത്തിൽനിന്നും അകന്നുപോയവരുൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സഭയാണു വേണ്ടത്. മൂന്നാമത്തെ വാതിലായ മനുഷ്യഹൃദയത്തിലേക്ക് തിരിഞ്ഞുകൊണ്ട് സ്വാർഥത, അവിശ്വാസം, മുൻവിധി എന്നിവയെ മറികടക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നുവെന്ന് മാർപാപ്പ പറഞ്ഞു. വ്യക്തികൾ പരസ്പരം സഹോദരീസഹോദരന്മാരായി തിരിച്ചറിയുമ്പോൾ സാഹോദര്യം വളരുന്നു. ഭിന്നതകൾക്കിടയിലും സ്നേഹത്തിൻറെ ഭാഷ ആളുകളെ ഒന്നിപ്പിക്കണം. ആത്മാവ് ഉള്ളിടത്തേ യഥാർഥ സാഹോദര്യം ഉണ്ടാകൂ. സമാധാനം, ഐക്യം, ആഴമേറിയ മനുഷ്യ ഐക്യദാർഢ്യം എന്നിവയാൽ അടയാളപ്പെടുത്തപ്പെട്ട ഒരു ലോകം സൃഷ്ടിക്കാൻ പരിശുദ്ധാത്മാവിനോടു പ്രാർഥിക്കാമെന്നും മാർപാപ്പ പറഞ്ഞു.

# മോട്ടറോള റേസർ ഫോൾഡ് ഇന്ത്യൻ വിപണിയിൽ

തിരുവനന്തപുരം: മോട്ടറോള ഇന്ത്യയിൽ തങ്ങളുടെ ആദ്യ ഫോൾഡബിൾ സ്മാർട്ട് ഫോണായ'മോട്ടറോള റേസർ ഫോൾഡ്' അവതരിപ്പിച്ചു.ഡിഎക്സ്ഒമാർക്ക് ഗോൾഡ് ലേബൽ അംഗീകാരം നേടിയ ലോകോത്തര ക്യാമറ സംവിധാനമാണ് ഫോണിന്റെ പ്രധാന സവിശേഷത. 50എംപി സോണി ലിറ്റിയ ട്രിപ്പിൾ ക്യാമറ സംവിധാനത്തോട് കൂടിയ ഈ ഫോൺ 8കെ ഡോൾബി വിഷൻ വീഡിയോ റെക്കോർഡിംഗിനെയും പിന്തുണയ്ക്കുന്നുണ്ട്.6.6ഇഞ്ച് അമോലെഡ് ഡിസ്പ്ലേ 8.1 ഇഞ്ച് 2കെ അമോലെഡ് പ്രധാന സ്ക്രീനായി മാറുന്ന ഈ ഫോൺ 165എച്ച്ഇസഡ് എൽപിടിഒ റിഫ്രെഷ് നിരക്കും 6200 നിറ്റ്സ് വരെ ബ്രൈറ്റ്നസും വാഗ്ദാനം ചെയ്യുന്നു.

# അനധികൃത നിർമാണങ്ങൾ പൊളിച്ചു മാറ്റുന്നതു തുടരും: മേയർ

തിരുവനന്തപുരം: കോർപറേഷൻ പരിധിയിൽ പല സ്ഥലങ്ങളിലും വ്യാപകമായി അനധികൃത നിർമാണങ്ങൾ നടക്കുന്നുണ്ടെന്നും അങ്ങനെ നിർമിച്ചിട്ടുള്ളവർ തന്നെ അവ പൊളിച്ചു മാറ്റണമെന്നും മേയർ വി. വി. രാജേഷ്. അനധികൃത നിർമാണങ്ങൾ പൊളിച്ചു മാറ്റുന്ന നടപടികൾ ഇനിയും തുടരുമെന്നും വി. വി. രാജേഷ് വ്യക്തമാക്കി.

പാളയം മാർക്കറ്റിലെ അനധികൃത നിർമാണങ്ങൾ പൊളിച്ചുമാറ്റിയ പശ്ചാത്തലത്തിൽ നടത്തിയ പത്രസമ്മേളനത്തിലാണ് മേയർ ഇക്കാര്യം വ്യക്തമാക്കിയത്. പാളയം മാർക്കറ്റിനെക്കുറിച്ച് നിരവധി പരാതികൾ ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ദിവസം മാർക്കറ്റിൽ സന്ദർശനം നടത്തിയത്. മാർക്കറ്റ് സന്ദർശിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട നിരവധി കാര്യങ്ങളുണ്ട്.

സ്മാർട്ട് സിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് നിർമിച്ച കടമുറികളിൽ വായു സഞ്ചാരത്തിനുള്ള ജനലുകളോ എയർ ഹോളുകളോ ഇല്ലാത്തതു കാരണം കച്ചവടം നടത്താൻ കഴിയില്ല. മൂന്നു നിലകളിൽ നിർമിച്ചിരിക്കുന്ന കെട്ടിടത്തിൽ ആളുകൾ കയറാൻ മടിക്കുന്നു. തലസ്ഥാനത്തിൻറെ കണ്ണായ സ്ഥലത്ത് കോടി കണക്കിനു രൂപ മുടക്കി നിർമിച്ച കടമുറികളിൽ നൂറിലേറെ കടമുറികൾ ഒഴിഞ്ഞു കിടക്കുകയാണ്. മൂന്നുനില കെട്ടിടത്തിലേക്ക് കയറാൻ നിർമിച്ചിരിക്കുന്ന കോണിപ്പടിക്ക് മുന്നിൽ ചിലർ അനധികൃത കടമുറികൾ നിർമിച്ച് വാടകയ്ക്ക് നൽകിയിരിക്കുകയാണ്.

ദിവസം ആയിരവും രണ്ടായിരവും രൂപയാണ് വാടകയായി ഈടാക്കുന്നത്. അവിടെ നിയമവിരുദ്ധമായി മാംസകച്ചവടവും മറ്റു കച്ചവടങ്ങളും നടത്തുകയാണ്. കഴിഞ്ഞ ദിവസം വീണ്ടും ചേർന്ന ഭരണസമിതിയിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുൾപ്പടെയുള്ളവരുടെ യോഗത്തിലാണ് അനധികൃതമായ നിർമാണ പ്രവർത്തനങ്ങൾ പൊളിച്ചുമാറ്റാൻ തീരുമാനിച്ചത്.

രേഖകൾ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ അനധികൃത നിർമാണമെന്ന് കോർപറേഷനു ബോധ്യമായ നിർമാണങ്ങളാണ് പൊളിച്ചു നീക്കിയത്.

വരുംദിവ സങ്ങളിൽ കൂടുതൽ രേഖകൾ പരിശോധിച്ച് അനധികൃതമായി നടത്തിയ നിർമാണങ്ങളെല്ലാം പൊളിച്ചു മാറ്റുമെന്നും മേയർ വി. വി. രാജേഷ് കൂട്ടിച്ചേർത്തു.

# ആണവായുധം നിർമിക്കുന്നില്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്താം; ശുഭ സൂചനയുമായി ഇറാൻ

ടെഹ്റാൻ: പശ്ചിമേഷ്യൻ സംഘർഷത്തിൽ ശുഭ സൂചനയുമായി ഇറാൻ രംഗത്ത്. ആണവായുധം നിർമിക്കുന്നില്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ പൂർണമായും തയാറാണെന്ന് ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയാൻ അറിയിച്ചു. അമേരിക്കയുമായുള്ള സമാധാന ചർച്ചകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തുവരുന്നതിനിടെയാണ് ഇറാൻ നിലപാട് വ്യക്തമാക്കി രംഗത്തെത്തിയത്. തങ്ങളുടെ ആണവ പദ്ധതികൾ പൂർണമായും സമാധാനപരമായ ആവശ്യങ്ങൾക്ക് മാത്രമുള്ളതാണെന്ന് ഇറാൻ അറിയിച്ചു.

അന്താരാഷ്ട്ര സമൂഹത്തിൻറെ ആശങ്കകൾ പരിഹരിക്കാൻ തയാറാണെന്നും ഇറാൻ പ്രസിഡൻറ് മസൂദ് പെസെഷ്കിയാൻ അറിയിച്ചു. നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കാനും പശ്ചിമേഷ്യയിൽ സമാധാനം പുനസ്ഥാപിക്കാനും ലക്ഷ്യമിട്ടുള്ള നയതന്ത്ര ചർച്ചകൾക്ക് ഇറാൻറെ നിലപാട് സഹായകരമാണെന്നാണ് വിലയിരുത്തൽ.

# റാങ്ക് ലിസ്റ്റുകൾ നീട്ടാനുള്ള മന്ത്രിസഭാ ശിപാർശ അംഗീകരിച്ച് പിഎസ്സി

തിരുവനന്തപുരം: പിഎസ്സി റാങ്ക് ലിസ്റ്റുകൾ നീട്ടാനുള്ള മന്ത്രിസഭാ ശിപാർശ അംഗീകരിച്ച് പിഎസ്സി. മെയ് 25 നും ഓഗസ്റ്റ് 31നും ഇടയിൽ അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ നവംബർ 30വരെ നീട്ടി.

289 റാങ്ക് ലിസ്റ്റുകൾക്കാണ് ഇതിൻറെ ഗുണം ലഭിക്കുന്നത്. 30, 845 ഉദ്യോഗാർഥികളാണ് റാങ്ക് ലിസ്റ്റിൽ ഉള്ളത്. സർക്കാരുമായി നേരിട്ട് ഏറ്റുമുട്ടൽ വേണ്ടെന്ന നിലപാടിലാണ് പിഎസ്സിയിലെ എൽഡിഎഫ് നോമിനികളായ 19 അംഗങ്ങളും സ്വീകരിച്ചത്. അസിസ്റ്റൻറ് പ്രൊഫസർ വകുപ്പുകളിലും സിവിൽ സപ്ലൈസ് വകുപ്പിലെ അസിസ്റ്റൻറ് സെയിൽസ് മാൻ തസ്തികയിലും വലിയ തോതിൽ ഉദ്യോഗാർഥികൾക്ക് ഇതിലൂടെ നിയമനം ലഭിച്ചേക്കും. കൂടാതെ, അസിസ്റ്റൻറ് പ്രൊഫസർ ഇൻ സോഷ്യോളജി, സൈക്കോളജി, ഫിലോസഫി, മലയാളം, ബിസിനസ് മാനേജ്മെൻറ്, മൈക്രോബയോളജി, മ്യൂസിക്, സുവോളജി, പൊളിറ്റിക്കൽ സയൻസ്, ഹയർ സെക്കൻഡറി – ഹൈസ്കൂൾ അധ്യാപക നിയമനങ്ങൾ, എൽഡി ടൈപ്പിസ്റ്റ്, കമ്പനി ബോർഡ് നിയമനങ്ങളിലേക്കുള്ള എൽഡി ടൈപ്പിസ്റ്റ്, സപ്ലൈക്കോ അസിസ്റ്റൻറ് സെയിൽസ്മാൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അടക്കമുള്ള വകുപ്പുകളിലേക്കാണ് ഇപ്പോൾ അംഗീകാരം നൽകിയിരിക്കുന്നത്.

# പാക്കിസ്ഥാനിൽ റെയിൽവേ ട്രാക്കിന് സമീപം സ്ഫോടനം; 24 പേർ കൊല്ലപ്പെട്ടു

ലാഹോർ: പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ റെയിൽവേ ട്രാക്കിന് സമീപം ഉണ്ടായ ഉഗ്ര സ്ഫോടനത്തിൽ നിരവധി പേർ കൊല്ലപ്പെട്ടു. 24 പേർ കൊല്ലപ്പെട്ടതായും 50ലധികം പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്. സൈനികർ സഞ്ചരിച്ച ട്രെയിൻ ലക്ഷ്യമിട്ടാണ് സ്ഫോടനം നടന്നതെന്നാണ് സൂചന. കൊല്ലപ്പെട്ടവരിൽ സൈനികരും ഉൾപ്പെടുന്നതായി അന്താരാഷ്ട്ര വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു. പരിക്കേറ്റവരെ സമീപത്തുള്ള ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

ക്വറ്റയിലെ ചമൻ ഫടക് റെയിൽവേ സ്റ്റേഷന് സമീപമാണ് സ്ഫോടനം ഉണ്ടായത്. ക്വറ്റയിൽനിന്ന് പെഷാവറിലേക്ക് വരികയായിരുന്ന ട്രെയിനിൽ സൈനികരും കുടുംബാംഗങ്ങളുമാണ് ഉണ്ടായിരുന്നത്. ഈദ് അവധി ആഘോഷിക്കാനായി പോകുമ്പോഴായിരുന്നു സംഭവം.

സ്ഫോടനത്തിൽ ട്രെയിൻ ഭാഗികമായി തകർന്നു. സമീപത്ത് പാർക്ക് ചെയ്തിരുന്ന പത്തോളം വാഹനങ്ങൾക്കും തകർന്നതായി പോലീസ് അറിയിച്ചു.

# ഫിലിപ്പീൻസിൽ കെട്ടിടം തകർന്ന് നാല് പേർ മരിച്ചു; 17 പേർ കാണാതായി

മനില: ഫിലിപ്പീൻസിൽ നിർമാണത്തിലിരുന്ന കെട്ടിടം തകർന്ന് നാല് പേർ മരിച്ചു. 17 പേരെ കാണാതായി.തലസ്ഥാനമായ മനിലയ്ക്കു വടക്ക് ആഞ്ചലസ് നഗരത്തിലായിരുന്നു അപകടം. കാണാതായവരിൽ കൂടുതൽ പേരും നിർമാണത്തൊഴിലാളികളാണ്. സമീപത്തെ ഹോട്ടലിനു മുകളിലേക്കാണ് കെട്ടിടം തകർന്നുവീണത്. ഹോട്ടലിലുണ്ടായിരുന്നവരെയും കാണാതായിട്ടുണ്ട്. ഒന്പതുനില കെട്ടിടത്തിനാണ് അനുമതി നല്കിയതെന്നും പത്താം നിലയിൽ നീന്തൽക്കുളം നിർമിക്കുന്നതിനിടെയാണ് അപകടമുണ്ടായതെന്നും റിപ്പോർട്ടുകളിൽ പറയുന്നു.

# പുഷ്പാർച്ചന

ജവഹർലാൽ നെഹ്റുവിന്റെ ചരമവാർഷികദിനമായ മെയ് 27 രാവിലെ 10 ന് നിയമസഭാസമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ജവഹർലാൽ നെഹ്റുവിന്റെ പ്രതിമയിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പുഷ്പാർച്ചന നടത്തും.



ബിപിസിഎലിന്റെ ലാഭവിഹിതം മന്ത്രി കുഞ്ഞാലിക്കുട്ടിയുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ സ്വീകരിക്കുന്നു